MUNAVIRUL ISLAM HIGH SCHOOL
Date..................
ERNAKULAM.

# ഒരു നല്ല വീട്ടമ്മയാവാൻ നോക്കു

# ഒരു നല്ല വീട്ടമ്മയാവാൻ നോക്കു

HIGH SCHOOL
ERNAKULAM.

സി. പി. സുഭദ്ര

പ്രസാധകർ:
കറൻറ് ബുക്ക്സ്, തൃശ്ശൂർ.
വില: 1 ക.

ORU NALLA VEETTAMMAYAVAN NOKKOO
First Impression 1959
Second Impression January 1967
Copies 1000
Price Re. 1/-

by
C. P. SUBHADRA

Cover & Blocks: Sankar Blocks
Cover Printing: Guruvilasam Press
Right Reserved
Printed at: Model Printery, Trichur-4.
Publishers: Current Books, Trichur.

MUNAVVIRUL ISLAM HIGH SCHOOL
ERNAKULAM.
Date............

## 1

# ഒരു നല്ല വീട്ടമ്മയാവാൻ നോക്കൂ!

പ്രിയപ്പെട്ട രമേ,

വെറുതെ ഇരുന്നിരുന്നു് മുഷിഞ്ഞു. അപ്പോഴാണു് നിൻെറ പരാതികൾ നിറഞ്ഞ കത്തു കിട്ടുന്നതു്. കുഡുംബഭാരംകൊണ്ടു് നീ വലഞ്ഞുപോലും! ഒരു നിമിഷവും വിശ്രമമില്ലാത്ത ജോലി എന്നു് നീ അതിനെക്കുറിച്ചു് പരാതിപ്പെടുന്നു. ഒരു ഗൃഹനായികയുടെ മാന്യസ്ഥാനം നിന്നിൽ ഇത്രയധികം വെറുപ്പുളവാക്കുന്നുവന്നോ! ഞാനത്ഭുതപ്പെടുകയാണു്! അല്ലെങ്കിൽ, അങ്ങിനെ പരാതിപ്പെടുന്ന വീട്ടമ്മമാർ ഒന്നും രണ്ടുമല്ലല്ലോ എൻെറ ചുററുമുള്ളതു്?

ഇവരെല്ലാം വഴിതെററിപോകുന്നവരാണു്. സ്വന്തം പ്രവൃത്തിയുടെ ഗൌരവവുംമഹത്വവും മനസ്സിലാക്കാൻകഴിയാത്തവർ ഗൃഹനായികത്വം. അതിൻെറ പരമാത്ഥത്തിൽ ഒരു സ്നേഹസാധനയാണു്. അതിൽനിന്നും സ്വയം ആനന്ദമൂററിക്കുടിക്കാൻ കഴിയാത്ത വീട്ടമ്മമാർ അനുകമ്പാഹ്കരം തന്നെ! കാര്യം പറഞ്ഞാൽ നീ ശുണ്ഠിയെടുക്കുമോ? ഞാൻ ചോദിക്കട്ടെ, ഇങ്ങിനെ പരാതിക്കാരിയായ, സ്വന്തം വേവലാതിളെക്കുറിച്ചു് എപ്പോഴും പിറുപിറുത്തുകൊണ്ടിരിക്കുന്ന ഒരുവീട്ടമ്മയിൽനിന്നു് തൽക്കുഡുംബാംഗങ്ങൾക്കു് എന്തു് സൌഖ്യമാണു് ലഭിക്കാവുന്നതു്?

എന്താണീ വീടെന്നു് പറയുന്നതു്? അതെന്തിന്നുള്ളതാണു്? നീയതിനെക്കുറിച്ചു് വല്ലതുമോത്തുനോക്കിയിട്ടുണ്ടോ? വിഷമതകൾ നിറഞ്ഞ ജീവിതത്തിൽ മനുഷ്യനുള്ള ഒരേ ഒരഭയകേന്ദ്ര

മാണ് വീട്. പരിശ്രാന്തനായ മനുഷ്യനു് വിശ്രമവും, ശാന്തിയുമേകുന്ന സുഖാഗാരമാണതു്. ഏതാണ്ട് ഇതേ ആശയങ്ങൾ കാർലൈൻ തന്റെ ഒരു കവിതയിൽ ഇങ്ങിനെ വ്യക്തമാക്കിയിരിക്കുന്നു.

"ഹാ! വീട്! അതു് ശാന്തിയുടെ വാസസ്ഥലമാണ് കീർത്തിയുടേയും പ്രശംസയുടേയും വിഷയമാണ്."

"അവിടെയാണ് മനുഷ്യനു് ഗൂഢവും അവിച്ഛിന്നവുമായ ശാന്തി ലഭിക്കുന്നതു്.?'

"ഈ ഖനിയിൽനിന്നു് മനുഷ്യൻ സ്നേഹത്തിന്റേതായ പരിശുദ്ധ സ്വർണ്ണം കുഴിച്ചെടുക്കുന്നു."

"ഈ അഗ്നിയിൽ അവൻ തന്റെ വെറങ്ങലിച്ച ഹൃദയത്തെ ചൂട് പിടിപ്പിക്കുന്നു."

"ഇവിടെവെച്ചാണ് പ്രേമത്തിന്റെ വിരലുകൾ സമുദായ വീണയെ മീട്ടുന്നതു്."

"ഇവിടെനിന്നാണ് മനുഷ്യാത്മാവിന്റെ എല്ലാ മധുരസ്വരങ്ങളും പുറപ്പെടുന്നതു്."

അപ്പോൾ, "വീട്" എന്ന പദം ഉൾക്കൊള്ളുന്ന അർത്ഥം എത്രയോ വിപുലമാണ്. ഇപ്പോൾ നീ ആലോചിച്ചു നോക്കു, നമ്മുടെ എത്രയോ കുഡുംബങ്ങൾ വീടുകളിലല്ലാതെ വെറും കെട്ടിടങ്ങളിൽ കഴിഞ്ഞുകൂടുന്നവരായില്ലേ? എന്നു പറഞ്ഞാൽ, അവർക്കവിടെ യഥാർത്ഥമായ സുഖവും ശാന്തിയും ലഭിക്കുന്നുണ്ടോ? പകൽ മുഴവൻ വേലയെടുത്തു് തളൎന്ന ഒരു പുരുഷൻ സ്വന്തം വീട്ടിലേയ്ക്കു് മടങ്ങിച്ചെല്ലുവാൻ വളരെയധികം മടിയുള്ളവനായിക്കാണുന്നു. എങ്കിൽ എന്താവാമതിനു് കാരണം? ദുഃഖിതനായ ഒരു ഭർത്താവിന്റെ ഉത്തരമാണ്." സ്നേഹപൂർവ്വം പ്രതീക്ഷിച്ചുകൊണ്ടിരിയ്ക്കാൻ ആരുമില്ലാത്തൊരു വീട്ടിലേക്കു എന്തിനാണ് മടങ്ങിച്ചെല്ലുന്നതു്?

കുഡുംബത്തെ സുഖാഗാരമാക്കിവെക്കുക എന്ന കത്തവ്യം അതിൻെറ വീട്ടമ്മയുടേതാണ്. സ്വന്തം ഭരണവ്യവസ്ഥകൊണ്ടു മാത്രം അവക്കതിനെ സ്വൎഗ്ഗമോ നരകമോ ആക്കിമാററാൻ കഴിയും. ഇഛാനുസരണം അവക്കതിനെ ഏതുവഴിക്കും നിയന്ത്രിക്കാം സ്വന്തം കൃത്യനിവ്വഹണത്തിൽ പുരുഷനും അവളോടൊപ്പം തികച്ചും സഹകരിച്ചേപററൂ എന്ന പരമാത്ഥം ഞാൻ മറക്കുന്നില്ല പക്ഷേ, ഞാനങ്ങോട്ടെത്തിനോക്കുന്നേയില്ല. നിൻെറ കത്തവ്യം ചൂണ്ടിക്കാണിക്കുക മാത്രമാണല്ലോ എൻെറ ഉദ്ദേശം. തൻെറ ഓരോ കുടുംബാംഗത്തിനും സുഖവും സമാധാനവും നല്കുക എന്നതായിരിക്കണം കുഡുംബിനിയുടെ ജീവിതലക്ഷ്യം. ഗൃഹകാൎയ്യങ്ങളിലുള്ള ആത്യന്തികശ്രദ്ധ, സ്വന്തം സുഖസൌകൎയ്യങ്ങളപേക്ഷിച്ചും ഭത്താവിനേയും കുട്ടികളേയും സ്നേഹിക്കുവാനുള്ള സന്നദ്ധത എന്നിവ ഈ ലക്ഷ്യം നിഷ്പ്രയാസം സാധിക്കുന്നു. ഇതെല്ലാം അത്ര സുസാധ്യമാണോ? — എന്നാവാം നിൻെറ സംശയം. അല്ലതന്നെ! പക്ഷേ പരിചയിച്ചാൽ കുറെയേറെ സുസാധവും തങ്ങൾക്കുതന്നെ ആനന്ദദായകവുമാണതു. മററുള്ളവരെ ആനന്ദമൂട്ടുന്നു എന്നതിലും കവിഞ്ഞൊരാനന്ദനിർവൃതിയുണ്ടോ?

'ഇതിൽത്തന്നെ ജീവിതം തുലക്കേണ്ടിവരുമെന്നു തോന്നുന്നു' — നീ പരാതിപ്പെടുകയാണ്. അപ്പോൾ, അത്രക്കു നിഷ്ഫലവും നിസ്സാരവുമാണോ ഈ ഗൃഹനായികത്വം? അതു കേവലം ജീവിതം തുലയ്ക്കലാണോ? പ്രത്യുത, നവംനവങ്ങളായ ജീവിതങ്ങൾക്കു ഊടും പാവുമിടലല്ലേ? ശരിക്കു നിറവേററപ്പെടുകയാണെങ്കിൽ, ഒരു ഗൃഹനായികയുടേതിനോളം ഗൌരവാവഹമായ ജോലി വേറില്ലതന്നെ! അതെങ്ങിനെയെന്നല്ലേ? ഓരോ കുഡുംബവും അതിലെ ഓരോവ്യക്തിയും സമുദായത്തിൻെറ ഓരോ അപ്രധാനഘടകങ്ങളാണ്. ഇതിൽ നിനക്കും അഭിപ്രായവ്യത്യാസമില്ലല്ലോ! അപ്പോൾ, ഒരു കുഡുംബത്തെ വാർത്തെടുക്കുന്നതിൽ അതിലെ അംഗങ്ങളുടെ സ്വഭാവരൂപീകരണത്തിൽ വ്യാപൃതയായൊരു ഗൃഹിണി മഹത്തായ സമുദായസേവനമാണനുഷ്ഠിക്കുന്ന

ത്. അതും എത്രമാത്രം സരളവും, സ്വാഭാവികവുമായ നിസ്വാർത്ഥസേവനം? ഒരു ഗൃഹണിയിലൂടെ ഒമ്പതു ജോലിക്കാർ ഒപ്പം വേല ചെയ്യുന്നു. വെപ്പുകാരൻ, അലക്കുകാരൻ, തുന്നൽക്കാരൻ, തോട്ടി, അദ്ധ്യാപിക, നേർസ്, രാജാവ്, ഖജാൻജി, മന്ത്രി. ഈ ഒമ്പതു ജോലിയും വീഴ്ചതട്ടാതെ ഒപ്പം നിർവ്വഹിക്കപ്പെടുകയെന്നതു അത്ര നിസ്സാര കാര്യമാണോ?

സ്വന്തം കുടുംബകര്യങ്ങളിൽ തല്പരയായൊരു ഗൃഹിണി 'വിമൻസ്ഹോം കമ്പാനിയ'ന്നയച്ച ഒരു കത്തോടുകൂടി ഞാൻ നിനക്കുള്ള ഈ എഴുത്തവസാനിപ്പിക്കട്ടെ! അവരെഴുതുകയാണ്:

"എന്റെ ഗൃഹത്തെ സുഖാഗാരമാക്കിവെക്കുക എന്ന ജോലി എനിക്കേററവും സന്തോഷമുളവാക്കുന്നു. ഭർത്താവിന്നു ഇവിടെ എപ്പോഴും എല്ലാവിധത്തിലുള്ള സ്വാതന്ത്ര്യമുണ്ട്. വീട്ടിൽ നിലത്തല്പം പൊടിയോ, കാലിലെ ചളിപ്പാടുകളോ പതിഞ്ഞിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ കുഷ്യൻകളോ മേശവിരികളോ സ്വല്പം മുഷിഞ്ഞിട്ടുണ്ടെങ്കിൽ ഞാനതിന്നു കുടുംബാംഗങ്ങളുടെ നേരെ കയർക്കാറില്ല. കസേര, കട്ടിൽ, മേശ എന്നിവ കുടുംബോപയോഗത്തിന്നുള്ളവയാണ്. അവയെ തികച്ചുമുപയോഗിക്കാൻ അവർക്കധികാരമുണ്ട്. അവയിൽ അഴുക്കു പററിയാൽ വൃത്തിയാക്കേണ്ടതു എന്റെ ചുമതലയാണ്. എന്റെ തോട്ടത്തിലെ പുഷ്പങ്ങൾ ആവശ്യമുള്ളവർക്കു ഇഷ്ടംപോലെ പറിച്ചെടുക്കാം. പോഷകകരങ്ങളായ ഭക്ഷണസാധനങ്ങൾ തയ്യാറാക്കി വിളമ്പികൊടുക്കുമ്പോൾ ഓരോ വീട്ടംഗത്തിനോടും ഞാനതിന്റെ രുചിഭേതങ്ങളെപ്പററി അന്വേഷിക്കും. കൊച്ചുകുട്ടികളെ പഠിപ്പിക്കുന്നതിലും, പുസ്തകങ്ങളും മാസികകളും വായിക്കാറായവർക്കു അവവരുത്തിക്കൊടുക്കുന്നതിലും ഞാനതീവതല്പരയാണ്. അവർക്കവയെല്ലാം ഇഷ്ടംപോലെ ഉപയോഗിക്കാൻ സ്വാതന്ത്ര്യമുണ്ട്. പക്ഷേ, അവയൊന്നും നാശമാക്കാൻ ഞാനവരെ അനുവദിക്കാറില്ല. വീട്ടിൽ ആർക്കെങ്കിലും സുഖക്കേടായാൽ ഞാനവരെ ശ്രദ്ധാപൂർവ്വം ശുശ്രൂഷി

ക്കും. ആ ശുശ്രൂഷയിൽനിന്നുമുളവാകുന്ന ആനന്ദം തികച്ചുമാസ്വാദിക്കുകയും ചെയ്യും. കടുത്ത ഉരുക്കുനിയമങ്ങളൊന്നും എന്റെ ഭരണവ്യവസ്ഥയിലില്ല. തന്മൂലം വീടാണ് ലോകത്തിൽവെച്ച് ഏറ്റവും വലിയ സുഖവാസകേന്ദ്രം എന്ന പരമാർത്ഥം എന്റെ ഓരോ വീട്ടംഗത്തിന്നും അനുഭവമാണ്'''.

# 2
# അടുക്കളയിൽ!

പ്രിയപ്പെട്ട രമേ,

നിൻെറ വീട്ടിൽ എല്ലാവർക്കും എട്ടുകാലി വിഷമാണെന്ന് നീ എഴുതിയിരുന്നല്ലോ! എന്തൊരു കഷ്ടകാലം അല്ലേ? ഇതെങ്ങിനെവന്നു പിടിപ്പെട്ടു? ഭക്ഷണത്തിലൂടെയെങ്ങാനം അകത്തു പെട്ടതായിരിക്കുമോ? ഏതായാലും അടുക്കളവേലക്കാരുടെ അനാസ്ഥയായിരിക്കും മിക്കവാറും അതിനു കാരണമെന്നു ഞാനൂഹിക്കുന്നു. അടുക്കളവേലയിലുള്ള അശ്രദ്ധമൂലം ഇങ്ങിനെ എന്തെല്ലാം ഗുരുതരങ്ങളായ അനർത്ഥങ്ങൾ വന്നുചേരാനിടയുണ്ടെന്നോ!

ആരോഗ്യത്തിൻെറ കേന്ദ്രസ്ഥാനമാണു അടുക്കള. തന്മൂലം അതെപ്പോഴും വൃത്തിയും വെടിപ്പുമുള്ളതാക്കി സൂക്ഷിക്കണം. ചുവരിലോ, അട്ടത്തോ മാറാലയോ എട്ടുകാലിവലയോ പററിപ്പിടിച്ചു നില്ക്കാൻ ഒരിക്കലും അനുവദിക്കരുത്. നിലം സദാ അടിച്ചു തുടച്ചു വൃത്തിയുള്ളതാക്കി സൂക്ഷിക്കണം

അടുക്കളയുടെ ശുചീകരണവിഷയത്തിൽ മിക്കവാറും നാം അനാസ്ഥരാണ്. വീട്ടിലെ മററു വശങ്ങൾ മോടിപിടിപ്പിക്കുന്നതിൽ ജാഗ്രൂകകളായ കുഡുംബിനികൾപോലും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിച്ചു കാണാറില്ല ഭക്ഷണസാധനങ്ങളുടെ അവശിഷ്ടങ്ങളും മററും അങ്ങിങ്ങു ചിന്നിച്ചിതറി നിലം സദാ വൃത്തികേടായി കിടക്കുന്നതു കാണാം. തന്മൂലം ഈച്ച, നുഴമ്പ് തുടങ്ങിയ അണുപ്രാണികൾ അവിടെനിന്നു വിട്ടുപോകാതിരിക്കുകയും, അവ

വന്നിരുന്നു് ഭക്ഷണപാനീയങ്ങഠം മലിനമായിത്തീരുകയും ചെയ്യുന്നു. മിക്ക സാംക്രമിക രോഗങ്ങളും ജനങ്ങഠക്കിടയിൽ പരക്കുന്നതു് നമ്മുടെ അനാസ്ഥമൂലമാണെന്നു് വരുന്നതു് എന്തൊരു കുറച്ചിലാണു്.

അടുക്കളമാത്രം വൃത്തിയാക്കിവെച്ചതുകൊണ്ടായില്ല. അതിൻെറ ചുററുപാടുകളെ സംബന്ധിച്ചും വേണ്ടത്ര ശ്രദ്ധയിരുത്തണം അടുക്കളയുടെ വശത്തുള്ള മുററമാണു് മിക്കവാറും വീടുകളിൽ വൃത്തികേടുകളുടെ കലവറ. മലയാളികളുടെ 'വടക്കു്പുറത്തെകുപ്പ' പ്രസിദ്ധമാണല്ലോ! പാത്രം കഴുകിയവെള്ളവും വീട്ടിലെ മററഴുക്കുചാലുകളും എല്ലാംകൂടി ചേൎന്നു് അവിടമാകെ താറുമാറായിരിക്കും പോരാത്തതിനു് കറിയ്ക്കുനുറുക്കിയതിൻെറ അവശിഷ്ടങ്ങളും, എച്ചിലിലകളും, മററു ചപ്പു ചവറുകളും എല്ലാംകൂടി ചീഞ്ഞളിഞ്ഞു് ഒരു വല്ലാത്ത ദുൎഗ്ഗന്ധം വമിക്കുന്നതായിക്കാണാം. ആ ദുഷിച്ച വായുവിലൂടെ പലവിധത്തിലുള്ള വിഷബീജങ്ങഠം ഭക്ഷ്യസാധനങ്ങളിൽ കടന്നു കൂടുന്നതിന്നും, തന്മൂലം വിവിധങ്ങളായ പകച്ചവ്യാധികഠം പിടിപെടുന്നതിന്നും ഇടയാവുന്നു. അപ്പോഠം ഇത്രയും പറഞ്ഞു വെച്ചതെന്താണെന്നോ? അടുക്കളയും അതിൻെറ അയൽപ്രദേശങ്ങളും സദാ ശുചിയുള്ളതാക്കി വെയ്ക്കണമെന്നു്. പക്ഷേ, അതുകൊണ്ടുമായില്ല. അടുക്കളയിൽ പെരുമാറുന്ന പാത്രങ്ങളും മററുസാമഗ്രികളും തെല്ലും അഴുക്കു പുരളാതെ സൂക്ഷിയ്ക്കണം. ഭക്ഷണസാധനങ്ങഠം ഒരിക്കലും തുറന്നു വെയ്ക്കരുതു്. അടുപ്പത്തുവെച്ചു വേവിക്കുന്നതും മൂടിയുള്ള പാത്രങ്ങളിലാണുത്തമം. അല്ലെങ്കിൽ വല്ലജന്തുക്കളും കാററത്തോമററോ പാറിവന്നു് അതിൽ വീണേക്കാനിടയുണ്ടു്. അതുപോലെതന്നെ ഭക്ഷണസാധനങ്ങളാക്കിയ പാത്രങ്ങഠം നിലത്തു വെയ്ക്കുന്നതും ആപല്ക്കരമാണു്. എറുമ്പോ മററുണപ്രാണികളോ അതിലരിച്ചുകൂടാൻ എളുപ്പമുള്ളതു് കൊണ്ടു, പാകംചെയ്യേട്ടത്ത ഭക്ഷണസാധനങ്ങഠം വെയ്ക്കാൻ പ്രത്യേകം അലമാരികളോ അഥവാ വല്ല ചുവർപ്പലകകളെങ്കിലോ

അടുക്കളയിൽ ഉണ്ടായിരിക്കേണ്ടതത്യാവശ്യമാണു്. ഊൺമേശകളുപയോഗിക്കുന്നതും, വെറും പരിഷ്കാരമല്ല ഒരാവശ്യം കൂടിയാണെന്നു നമ്മുടെ വീട്ടമ്മമാർ ഓർക്കുന്നതു നന്നു്. ഭക്ഷണകാര്യത്തിലുള്ള ചില്ലറ നോട്ടക്കുറവുകൾമൂലം എന്തെല്ലാം വമ്പിച്ച അപകടങ്ങൾ ചിലപ്പോൾ നമുക്കു പിണയാറുണ്ടെന്നോ! ഊണിന്നിരിക്കുമ്പോൾ ചിലപ്പോൾ ഇലകളിലും, പ്ലെയിററുകളിലും വല്ല അന്യപ്രാണികൾ അരിച്ചുകയറുന്നു. ഭക്ഷ്യസാധനം കളയാനുള്ള മടികൊണ്ടോ അഥവാ പെട്ടെന്നു ഊണിന്റെ രസക്കയറു് പൊട്ടിക്കാൻ മനസ്സുവരായ്കയാലോ തല്ക്കാലം അതിനെതട്ടിമാററി നാം ഭക്ഷണം തുടരുന്നു. അതുകൊണ്ടു മേലിൽ വന്നേക്കാവുന്ന ഗുരുതരങ്ങളായ നാശനഷ്ടങ്ങളെപ്പററി നാം ശ്രദ്ധിക്കാറേയില്ല. അതുപോലെതന്നെ ഇലകളിൽ ഊൺകഴിക്കുന്നവർ ശ്രദ്ധിക്കേണ്ട മറെറാരു സംഗതിയുണ്ടു്. അവർ ഇലയുടെ അകം നല്ലപോലെ തുടച്ചു വൃത്തിയാക്കിയിരിക്കും. പക്ഷെ, പലപ്പോഴും അതിന്റെ പുറവശത്തെപ്പററി ശ്രദ്ധിക്കാറേയില്ല. മിക്കവാറും ഇലകളുടെപുറത്തു മാറാലയോ, ഊറാമ്പിലികളോ പററിപിടിച്ചിരിക്കുന്നുണ്ടാകും. അകത്തു ചൂടുള്ള ഭക്ഷണപദാർത്ഥങ്ങൾ വിളമ്പുമ്പോൾ, ഇലകളുടെ പുറവശത്തിരിക്കുന്ന ജന്തുക്കളുടെ വിഷം ഭക്ഷണത്തിൽ കലരുന്നതിന്നിടയാവുന്നു. അങ്ങിനെ ഏതെങ്കിലും വിധത്തിലുള്ള സൂക്ഷ്മക്കേടുകൊണ്ടായിരിക്കാം നിന്റെ കുടുംബത്തിന്നടച്ചു ഈ എട്ടുകാലിവിഷം പകർന്നു കിട്ടിയതു്.

അതുപോകട്ടെ; അടുക്കളയേയും അതിലുപയോഗിക്കപ്പെടുന്ന സാമഗ്രികളേയുംപററിയാണല്ലോ ഞാനിതുവരെ പറഞ്ഞുവെച്ചതു്. ഇതിലെല്ലാമുപരിയായി അടുക്കളയിൽ പെരുമാറുന്നആൾ സ്വന്തം ശരീരവും വസ്ത്രങ്ങളുംകൂടി വൃത്തിയാക്കിവെക്കേണ്ടതുണ്ടു്. പല പരിഷ്കൃത ഗൃഹങ്ങളിലേയും അടുക്കള വേലക്കാരെ ഒരു നോക്കു കണ്ടാൽമതി, നമുക്കവിടെനിന്നു പച്ചവെള്ളമിറക്കാൻ തോന്നില്ല. സ്വന്തം അനുഭവംവെച്ചുകൊണ്ടു തന്നെ

പറകയാണു ഞാൻ. ഈയിടെ ഞാനൊരു വീട്ടിൽ വിരുന്നിന്നു പോയിരുന്നു. അവരുടെ അടുക്കളയും അതിലെ ഉപയോഗവസ്തുക്കളുമെല്ലാം പരിഷ്കൃതങ്ങളും വൃത്തിയുള്ളവയുമാണ്. ഭക്ഷ്യപദാൎത്ഥങ്ങളും വളരെയേറെ മെച്ചപ്പെട്ടവയാണ്. പക്ഷെ, അവ പാകംചെയ്ത ആളെ ഒന്നു കണ്ടപ്പോൾ എനിക്കിങ്ങിനെത്തന്നെ എഴുന്നേററ് പോന്നാൽമതി എന്നു തോന്നിപ്പോയി.

അപ്പോൾ, പറഞ്ഞുവെച്ചതിന്റെ താല്പൎയ്യം അടുക്കളയിൽ വേലയെടുക്കുന്നവരുടെ കാര്യത്തിൽപ്പോലും കുടുംബിനികൾ പ്രത്യേകം ശ്രദ്ധയിരുത്തണമെന്നാണ്. വേലക്കാരെ വയ്ക്കുന്നവൎക്കു മാത്രമല്ല, അടുക്കളവേല സ്വയംചെയ്യുക പതിവുള്ള വീട്ടമ്മമാൎക്കുകൂടി ബാധകമാണിതു്. അടുക്കളയിൽ പോയാൽ കരിപുരളാനുള്ളതല്ലേ എന്ന ഉദ്ദേശത്തോടുകൂടി, അതിലേക്കായി പ്രത്യേകം മുഷിഞ്ഞവസ്ത്രങ്ങൾ സൂക്ഷിക്കുന്നപതിവ് പല ഗൃഹണികൾക്കുമുണ്ടു്. ചിലപ്പോൾ രണ്ടോ, നാലോ ദിവസം ഉപയോഗിച്ചു അവയിൽ പിടിപ്പതിലേറെ അഴുക്കും വിയൎപ്പും പുരണ്ടിരിക്കും. തന്മൂലം അവയിലൂടെ പലവിധ വിഷബീജങ്ങളും ഭക്ഷണത്തിലേക്കു സംക്രമിക്കാനിടയുണ്ടു്.

ഇക്കാര്യത്തിൽ പഴയ കേരളത്തറവാടുകളിലെ ചിട്ട നമുക്കനുകരണീയമാവില്ലേ? നിത്യവും രാവിലെ കുളിച്ചു വസ്ത്രങ്ങൾ മാറിയേ നമ്മുടെ മുത്തശ്ശിമാർ അടുക്കളവേലയിൽ ഏൎപ്പെട്ടുമായിരുന്നുള്ളു കുളിക്കാതെ അടുക്കളയിൽ കടന്നുകൂടെന്നു എന്റെ മുത്തശ്ശിക്കു നിൎബ്ബന്ധമായിരുന്നു പക്ഷേ, നാം പുത്തൻ തലമുറക്കാരോ? കുളി കഴിഞ്ഞാൽപ്പിന്നെ അവൎക്കടുക്കളയിൽ കടക്കാനെ വയ്യ! മേലാകെ പുക നാറും! മുഖത്തെ പൌഡറെല്ലാം പോകും നെററിയിലെ പൊട്ടു് വിയൎപ്പിൽ മായും! വസ്ത്രങ്ങളിൽ കരിപുരളും! അമ്പമ്പോ!! പുറം മോടികളിലുള്ളൊരു ഭ്രമം! കൂട്ടത്തിൽ നാം തെല്ലാന്തരമായിക്കൂടി ആലോചിച്ചിരുന്നെങ്കിൽ!!

കുട്ടികളുടെ മുടി അഴിച്ചു കെട്ടുക, മൂക്കു ചീററുക, വസ്ത്രത്തുമ്പുകൊണ്ടു വിയപ്പു തുടയ്ക്കുക—ഇങ്ങിനെ അടുക്കളവേലയിൽ ഏൎപ്പെട്ടിരിക്കുന്നവരിൽ സാധാരണ കാണാറുള്ളചില ദുസ്സ്വഭാവങ്ങളുണ്ടു്. തന്മൂലം ഭക്ഷണസാധനങ്ങളിൽ മുടിയിഴകൾ കൊഴിയുന്നതിന്നോ, നമ്മുടെ ദേഹത്തിലെ അഴുക്കുകൾ മററുള്ളവരുടെ ഭക്ഷണത്തിലേക്കു പകരുന്നതിന്നോ ഇടയാവുന്നു ഇതുകൂടാതെ കഴിയ്ക്കാൻ ശ്രദ്ധിക്കണം. മുടി നല്ലപോലെ ബന്ധിച്ചിട്ടുമതി അടുക്കളയിൽ കടക്കുക. മൂക്കു ചീററുവാൻ അകലെയെങ്ങാനും പോയി, അതു കഴിഞ്ഞാൽ കൈയ്യും മുഖവും വൃത്തിയായി കഴുകുക. വിയപ്പോ, കൈയ്യിലെ അഴുക്കുകളോ തുടക്കാൻ ഒരു കൈമുണ്ടോ, തുടപ്പു ശീലയോ കരുതിയേയ്ക്കുക.

ഇങ്ങിനെ അടുക്കളക്കാൎയ്യത്തിൽ കുഡുംബിനികൾ ശ്രദ്ധിക്കേണ്ട സംഗതികൾ ഒട്ടേറെയുണ്ടു്. ഒരു കുഡുംബത്തിൻെറയാകെ ആരോഗ്യം നിക്ഷിപ്തമായിരിക്കുന്നതു തങ്ങളുടെ കൈയിലാണെന്നു് അവരോൎക്കുന്നതു് നന്നു്. കുഡുംബാംഗങ്ങൾക്കു് ഹിതകരവും പോഷകരവുമായ ഭക്ഷണസാധനങ്ങൾ പാകംചെയ്തു കൊടുക്കേണ്ട കടമ അവരുടേതാണു്. തീൎച്ചയായും ഒരു നല്ല അടുക്കളക്കാരിയാവാൻ കുറെയെല്ലാം ആരോഗ്യശാസ്ത്രവും അറിഞ്ഞിരിക്കേണ്ടതുണ്ടു്. അപ്പോൾ ഞാനവസാനമായി ഒന്നുകൂടി ഓൎമ്മിപ്പിച്ചോട്ടെ, കുടുംബാരോഗ്യത്തിൻെറ കലവറ അടുക്കളയാണു് എന്നു്.

# 3
# മുലപ്പാൽ ധാരാളം!

പ്രിയപ്പെട്ട രമേ,

നിൻെറ കൊച്ചുമോനു് കുടിക്കാൻ പാൽ കമ്മിയാണെന്നെഴുതിക്കണ്ടു. ഇപ്പോഠം എല്ലാ അമ്മമാക്കും അങ്ങിനെയാണു്—പാൽ ധാരാളമുള്ള അമ്മമാർ നന്നെ ചുരുങ്ങും. അവക്കതിൻെറ ആവശ്യമൊട്ടനുഭവപ്പെടാറില്ലെന്നും തോന്നുന്നു. കുട്ടിക്കു് മുലപ്പാൽ കൊടുത്തു് വളത്തുന്ന അമ്മമാർ എത്ര ചുരുക്കമാണെന്നോ! പ്രകൃതി നല്കിയ പാൽ കുട്ടിക്ക കൊടുക്കാതെ അങ്ങിനെതന്നെ വററിച്ചുകളയുകയാണവർ പതിവു്. കുടിക്ക മുല കൊടുക്കുന്നതു് സൗന്ദര്യത്തിന്നു് ഹാനികരമാണെന്നോ, പരിഷ്ക്കാരത്തിനു് കുറവാണെന്നോ, എന്തെല്ലാമോ ധരിച്ചുവെച്ചിട്ടുണ്ടു് ഇക്കൂട്ടർ. എന്നിട്ടു്, പാൽ കമ്മിയാണെന്നു് വേവലാതിപ്പെടുകയും ചെയ്യും, വെറുതെ. നീ അക്കൂട്ടത്തിൽപ്പെട്ട അമ്മയല്ലെന്നു് എനിക്കറിയാം. ഭൂരിപക്ഷത്തെക്കുറിച്ചു സംസാരിച്ചു എന്നുമാത്രം.

അമ്മയുടെ പാൽ വദ്ധിപ്പിക്കാൻ എന്തു വേണമെന്നു് നീ ആരാഞ്ഞിരിക്കുന്നു—കഷ്ടം! അതേപ്പററി ഒന്നുമറിയാത്ത എന്നോടു് അല്ലെങ്കിൽ എന്നിൽനിന്നു് ഉത്തരം പ്രതീക്ഷിച്ചാവില്ലനീയതു ചോദിച്ചിരിക്കുക. വെറും മാമൂലനുസരിച്ചാവാം പക്ഷേ ഈയിടെ ഒരു ഹിന്ദിവാരികയിൽ അമ്മക്ക പാലുണ്ടാക്കുവാനുള്ള ചില ഉപായങ്ങഠം എഴുതിക്കണ്ടു. അവയിൽ സ്വീകാര്യമായിത്തോ

ന്നിയ ചിലതു് ഞാനീ കത്തിൽ നിർദ്ദേശിക്കാം. ഒന്നു പരീക്ഷിച്ചു നോക്കു.

പാലൂറവാനുള്ള പ്രഥമോപായം, കുട്ടിക്കു പാൽ കൊടുക്കുവാനുള്ള സമയം ക്ലിപ്തപ്പെടുത്തിവെയ്ക്കുകയത്രേ പ്രായത്തിനനുസരിച്ചു രണ്ടുമുതൽ നാലുവരെ മണിക്കൂറുകൾ ഇടവിട്ടിടവിട്ടു് ഈ സമയം ക്രമപ്പെടുത്താം. രാത്രി പത്തുമണിക്കുശേഷം കുട്ടിയ്ക്കു അമ്മയുടെ പാൽ കൊടുക്കുന്നതു് നന്നല്ല കുട്ടിക്കു രാത്രി പാൽ കുടിച്ചു ശീലമുണ്ടെങ്കിൽ പാൽ കൊടുക്കുന്ന സമയങ്ങൾക്കിടയിലുള്ള ദൈർഘ്യം വർദ്ധിപ്പിച്ചു വർദ്ധിപ്പിച്ചു് ക്രമേണ അതു തീരെ നിറുത്തിയേക്കു. അമ്മക്കു പാൽ എത്രതന്നെ കുറവാണെങ്കിലും ആ നിശ്ചിതസമയങ്ങളിൽ പാൽ കൊടുക്കുകതന്നെ വേണം. പുതുക്കെപ്പുതുക്കെ നിശ്ചിതസമയത്തേക്കു താനേ പാലൂറന്നതായിക്കാണാം. പിന്നെയൊരു കാര്യം — പാൽ കുറവാണെന്നു വിചാരിച്ചു് കുട്ടിക്കു വേണ്ടുവോളം കൊടുക്കാതെ അടുത്ത പ്രാവശ്യത്തേക്കു കരുതിവെക്കുന്നതു വെറും വിഡ്ഢിത്തമാണു്. കുട്ടി കുടിച്ചുതീർന്നാൽ അത്രയ്ക്കു പാൽ പ്രകൃതി വീണ്ടും അതിൽ നിറച്ചുകൊള്ളും. കുട്ടി മതിയാംവരെ കുടിച്ചശേഷവും പാൽ ബാക്കിയാവുകയാണെങ്കിൽ അതു നിന്നു വററാനനുവദിക്കാതെ കറന്നു കളയേണ്ടതാണു്. പാൽ കൊടുക്കുമ്പോൾ രണ്ടു മുലയും സമാസമം കൊടുക്കണമെന്നതും നിർബ്ബന്ധമാണു്.

ദിവസവും രണ്ടുനേരം പാലൊഴിഞ്ഞ സന്ദർഭങ്ങളിൽ ശീതോഷ്ണജലങ്ങൾകൊണ്ടു് മാറു് മാറി മാറി കഴുകുന്നതു പാലൂറവാനുള്ള മറെറാരുപായമാണു്. കഴുകേണ്ട രീതിയും പറയാം. രണ്ടു പാത്രങ്ങളിൽ വെള്ളം കൊണ്ടുവന്നു വെയ്ക്കുക. ഒന്നിൽ ഇളംചൂടുവെള്ളവും, മറേറതിൽ നല്ല തണുത്ത വെള്ളവും രണ്ടു പാത്രത്തിലും ഓരോ സ്പഞ്ചോ തുണിത്തുണ്ടോ ഇട്ടിരിക്കണം. ആദ്യം ചൂടുവെള്ളംകൊണ്ടും പിന്നീടു് പച്ചവെള്ളംകൊണ്ടും മാറു് മാറിമാറി

കഴുകണം. ഇങ്ങിനെ ഒരഞ്ചു മിനിട്ടുനേരം ചെയ്തുകൊണ്ടിരിക്കുക. ചെയ്യുന്നതു വളരെ ശീഘ്രതയിൽ വേണംതാനും. അവസാനം പച്ചവെള്ളംകൊണ്ടു് മാറു് നല്ലപോലെ കഴുകി ഒരു വൃത്തിയുള്ള തുണികൊണ്ടു് തുടക്കുക.

മുലപ്പാൽവൎദ്ധനക്കു മറെറാരു ദിവ്യൌഷധമാണു് സൂൎയ്യപ്രകാശം. ദിവസവും ഒരു രണ്ടു മണിക്കൂർനേരം നേൎത്ത വെള്ളത്തുണിയുടെ സുഷിരങ്ങളിലൂടെ മാറിലും പിൻപുറത്തും സൂൎയ്യപ്രകാശമേല്ക്കാനനുവദിക്കുക. ഈ സൂൎയ്യസ്നാനം അമ്മയുടെ പാലിൽ വിററമിൻ സി യുടെ മാത്ര വൎദ്ധിപ്പിക്കാനുതകുന്നു.

അമ്മയുടെ രക്തത്തിൻെറ പരിണതരൂപമാണു് മുലപ്പാലെന്നു് നിനക്കറിയാമല്ലോ! തന്മൂലം ആഹാരവിഹാരാദികൾ പാലിൻെറ ഏററക്കുറവിനെ സാരമായി ബാധിക്കുന്നു. ആഹാരത്തിലധികഭാഗം ജലമായിരിക്കണം. ധാരാളം ശുദ്ധജലം കുടിക്കുന്നതും നന്നു്. ദിവസേന രാവിലെ എഴുന്നേററ ഉടനേയും, കുട്ടിക്കു പാൽ കൊടുക്കുന്ന സമയങ്ങളിലെല്ലാം പാൽ കൊടുക്കുന്നതിനു മുമ്പോ പിമ്പോ ആയും ഓരോ ഗ്ലാസ്സ് പച്ചവെള്ളം കുടിക്കേണ്ടതാണു്.

അമ്മയുടെ ആഹാരം സാത്വികവും ധാരാളം പോഷക പദാൎത്ഥങ്ങൾ അടങ്ങിയതുമായിരിക്കണം. പാൽവൎദ്ധനക്കു പശുവിൻപാൽ അത്യുത്തമമാണു്. അതു ദഹനശക്തി അനുവദിക്കുന്നതു കഴിക്കുന്നതു നന്നു് ഇലക്കറികൾ, പച്ചക്കറികൾ, പഴങ്ങൾ എന്നിവക്കു് ആഹാരത്തിൽ നല്ലൊരു സ്ഥാനം അനുവദിക്കണം. പരിശുദ്ധമായ പാലിനു ശരിയായ മലശോധന അത്യാവശ്യമാണു്. പഴങ്ങൾ, പച്ചക്കറികൾ, ജലമയമായ ആഹാരം എന്നിവ മലബന്ധത്തെത്തടയാനുതകുന്നു.

ഭക്ഷണവിഷയത്തിലെന്നപോലെത്തന്നെ വിശ്രമത്തിലും വ്യായാമത്തിലും ഒരമ്മ വേണ്ടുവോളം ശ്രദ്ധിക്കണം. സുഖനിദ്ര

യും വിശ്രമവും അമ്മക്കൊഴിച്ചുകൂടാത്തതാണ്. പകൽ ഭക്ഷണം കഴിഞ്ഞശേഷം കാൽ അല്പം ഉയത്തിവെച്ച് വിശ്രമിക്കുന്നതു കൊള്ളാം. രാത്രി ദിവസേന പത്തു മണിക്കുമുമ്പായുറങ്ങണം. ഉറങ്ങുന്ന സമയത്തു് അസുഖകരങ്ങളായ എല്ലാ വികാരവിചാരങ്ങളിൽനിന്നും മനസ്സിനെ മുക്തമാക്കണം.

ലഘുവായ വ്യായാമവും അത്യാവശ്യമാണ്. ദിവസേന തുറന്ന കാററിൽ അല്പനേരം ഉലാത്തുന്നതും രാവിലെ പച്ചവെള്ളത്തിൽ കുളിക്കുന്നതും നന്നു്.

കുട്ടിക്കിപ്പോഠം എന്തു് കൊടുക്കണം? അതുമിതും കൊടുക്കുന്നതു് ആരോഗ്യത്തിനു ഹാനികരമാണ്. അമ്മയുടെ പാലാണ് പ്രകൃതി കുട്ടിക്കു കൊടുത്ത ആഹാരം. അവരുടെ വളച്ചയ്ക്കു് അതനുപേക്ഷണീയമാണുതാനും. പ്രകൃതി അമ്മയിലപ്പിച്ച ഈ കത്തവ്യം, കുഞ്ഞിനു പാലൂട്ടുക എന്ന ഉൽകൃഷ്ടകൃത്യം കുട്ടിക്കു മാത്രമല്ല അമ്മക്കും ലാഭദായകമത്രേ. മറിച്ചു്, കുഞ്ഞിനു് നല്കാതെ പാൽ അങ്ങിനെതന്നെ വററിച്ചുകളയുന്നതു് അമ്മയുടെ ആരോഗ്യത്തിനു് ഹാനികരമാണ്. ഗഭകാലത്തു് വികസിതമായ ഗഭപാത്രം ചുരുങ്ങാതിരിക്കാൻ അതൊരു പ്രധാന കാരണമാവുന്നു തന്മൂലം ഗഭപാത്രസംബന്ധമായ പല രോഗങ്ങളും പിടിപെടാം പുറമെ, ദ്രുതഗതിയിലുള്ള ഗഭധാരണത്തിനും അതിട നല്കുന്നു. അതുകൊണ്ടു് കുട്ടിക്കു പാൽ കൊടുക്കുന്ന കാര്യത്തിൽ ഒട്ടും പിശുക്കു കാണിക്കരുതു്. അവനു് എന്റെ വാത്സല്യം നിറഞ്ഞ 'ഉമ്മ' കഠം!!

# 4
# 'ഞാനും കൂടെ വരാം'

പ്രിയപ്പെട്ട രമേ,

സാധാരണ നിന്റെ കത്തുകൾ എന്നെ രസം പിടിപ്പിക്കാറുണ്ട്. അവയിൽ എന്തെങ്കിലും ചിരിക്കാനുള്ള വക കാണും. ഇത്തവണയാകട്ടെ, അതിലൊന്നുമില്ല—നിന്റെ ഒരു സ്നേഹിതയുടെ വർത്തമാനങ്ങളൊഴികെ.

നീ എഴുതിയതു് വാസ്തവമാണ്. വിവാഹശേഷം സ്ത്രീ ഭർത്താവിൽനിന്നു പലതും പ്രതീക്ഷിക്കുന്നു—പുരുഷന്റെ ഗാർഹികോപകരണമെന്നതിൽ കവിഞ്ഞു പലതും. പക്ഷേ, നീ ഒരുവശത്തുകൂടെ മാത്രം ചിന്തിച്ചുപോകുന്നു. സ്ത്രീയെപ്പോലെ പുരുഷനുമില്ലേ ചില പ്രതീക്ഷകളും പ്രത്യാശകളുമെല്ലാം? അതേപ്പററിയൊന്നും ഓർക്കാത്തതെന്താണ്?

നിന്റെ ആ സ്നേഹിതയുടെ ചിത്രം എനിക്കിപ്പോൾ വ്യക്തമായി കാണാനുണ്ട്. ഭർത്താവൊരുമിച്ചു സിനിമക്കോ, സായാഹ്നസഞ്ചാരത്തിനോ, അല്ലെങ്കിൽ വിരുന്നുസല്ക്കാരങ്ങൾക്കോ വല്ല പൊതുസമ്മേളനങ്ങൾക്കോ പോകുന്ന കൂട്ടുകാരികളെ നോക്കി നെടുവീർപ്പിട്ടുനിൽക്കുന്ന ആ നില്പ്! കൂട്ടുകാരികൾ അവരുടെ ഭർത്താവിന്റെ ആഫീസ്കാര്യങ്ങളേയോ രാഷ്ട്രീയപ്രവർത്തനങ്ങളേയോ, കലാചാതുരിയേയോ, സാഹിത്യസേവനങ്ങളേ

യെപററി വണ്ണിക്കുമ്പോഠം ഒന്നും പറയാനില്ലാതെ മൌനമവലംബിച്ചിരിക്കുന്ന ആ ഇരിപ്പ്! നിൻെറ സ്നേഹിത ദയനീയ തന്നെ! പക്ഷേ, കൂട്ടത്തിൽ അതിലും ദയനീയനായ അവരുടെ ഭത്താവിനെപ്പററിയും ഞാനോത്തുപോകുന്നു.—നീ അദ്ദേഹത്തെക്കുറിച്ച് ഒന്നും മിണ്ടിയിട്ടില്ലെങ്കിൽക്കൂടി. സ്നേഹിതന്മാർ അവരുടെ 'ഉത്തമാഛങ്ങ'ളൊരുമിച്ച പാർട്ടികഠംക്കും മീററിങ്ങുകഠംക്കും മററും പോകുമ്പോഠം അയാഠം ഏകനായി തലയും തൂക്കിയിട്ട് നടക്കുന്നുണ്ടാവും. വിവാഹിതരായ മററു പുരുഷന്മാർ ജോലി തീർത്തു സന്ധ്യയോടുകൂടി വിടെത്താൻ ധൃതി കൂട്ടുമ്പോഠം അയാഠം വല്ല വായനശാലയേയും അഭയം പ്രാപിക്കുന്നു! അല്ലെങ്കിൽ വീട്ടിൽ പോയി ആഫീസ്സിലെ കടലാസ്സിൻകെട്ടുമായി പടഞ്ഞുകൂടുന്നു. ഉറക്കംവന്നു് കൺപോളകഠം തൂങ്ങുമ്പോഠം ഭക്ഷണംകഴിച്ച് കിടന്നുറങ്ങുന്നു. രാവിലെ എഴുന്നേററു നിത്യകൃത്യങ്ങളും പ്രാതലും കഴിച്ചയുടൻ വീട്ട് വിടുന്നു. എന്തൊരു വരണ്ട ജീവിതം!

ഈ പൊരുത്തപ്പെടാത്ത ദാമ്പത്യബന്ധത്തിൽ സ്ത്രീയെ മാററിനിത്തി പുരുഷനെ മാത്രം കുററക്കാരനാക്കരുതേ! സ്നേഹിതയുടെപേരിലുള്ള പക്ഷപാതത്തെ നീക്കിനിത്തി നീയൊന്നാലോചിച്ചുനോക്കൂ. ഒരാഠം ആഗ്രഹിക്കുന്നതു മററയാളിൽനിന്നും ലഭിക്കുന്നില്ലെന്നല്ല അവരുടെ ജീവിതത്തിലുള്ള പൊരുത്തക്കേട്? ഇതിൽ പുരുഷനേക്കാളേറെ കുററക്കാരി സ്ത്രീയാണെന്നു എനിക്കു തോന്നുന്നു. പകൽ മുഴുവൻ വേലയെടുത്തു് ക്ഷീണിത അയാഠം ഓഫീസിലെ ആ വരണ്ട അന്തരീക്ഷത്തിൽ നിന്നും ഒന്നു വീടുതി കിട്ടാനുള്ള വെമ്പലോടെയാവും വീട്ടിലെത്തുന്നതു് രാഷ്ട്രീയമായോ സാഹിത്യപരമായോ, കലാപരമായോ പല അഭിപ്രായങ്ങളും അയാഠംക്കു കൈമാറാനുണ്ടാവും ഇവിടെ വന്നാലത്തെ കഥയോ? ഇല്ലാത്ത സാധനങ്ങളുടെ പട്ടികയും തയ്യാറാക്കി കാത്തിരിക്കുകയാവും ഭാര്യ. വന്നുകയറാനിടയില്ല, അതെടുത്തു് നിരത്തി

ക്കളേയും! എന്നിട്ടേ ഒരു ഗ്ലാസ് ചായപോലും കൊടുക്കാനുള്ളക നിവു് കാണിക്ക വഴിയെ തുടങ്ങുകയായി: "ഡോക്ടറുടെ ഭാര്യയുണ്ടു് ഒരു നല്ല സാരിയെടുത്തിട്ടു്...........................ഓ! ഈ സാഹിത്യചർച്ചയൊക്കെ പിന്നെയാവാ...................എനിക്കും വേണം അങ്ങിനത്തൊന്നു്". അയാാം വീണ്ടും എന്തോ കാര്യമായി സംസാരിക്കുകയാവും. അമ്മിണിയുടെ പുതിയ നെക്‌ലേസ് കണ്ടിട്ടുണ്ടോ?' ഇങ്ങിനെ ഉപ്പുമാങ്ങാ എന്നു പറഞ്ഞാൽ കോക്കോട്ടു്" എന്ന രീതിയിലാണ് ശ്രീമതിയുടെ സമാധാനം മുഴവൻ. നിന്റെ സ്നേഹിതയെക്കുറിച്ചല്ല ഞാനീപ്പറഞ്ഞതു്. ഇത്തരം സ്ത്രീകാം നാട്ടിൽ സുലഭമാണെന്നുമാത്രം.

"എന്നെ 'അദ്ദേഹം' ഒരിക്കലും എങ്ങോട്ടും കൂടെ കൊണ്ടുപോകാറില്ല എന്നെ കൊണ്ടുനടക്കുന്നതുതന്നെ അദ്ദേഹം ഒരു മാനക്കേടായി കരുതുന്നു." നിന്റെ സ്നേഹിത എപ്പോഴും ഇങ്ങിനെ പരാതിപ്പെടാറുണ്ടെന്നു നീ എഴുതിയിരിക്കുന്നു. ഞാനൊന്നു ചോദിക്കട്ടെ; അന്യരോടിങ്ങിനെ അദ്ദേഹത്തെപ്പററി ആവലാതിപ്പെട്ടിട്ടു് അവാംക്കെന്തു കിട്ടാനാണു്? ആ നേരം അദ്ദേഹം തന്നെ കൂടെക്കൊണ്ടുപോകുന്നതു മാനക്കേടായി കരുതാൻ എന്താവാം കാരണമെന്നു് സ്വയമൊന്നാലോചിച്ചുനോക്കിയെങ്കിൽ! എന്നിട്ടു് തന്റെ കുററങ്ങളും കുറവുകളും ആവുന്നതും നികത്താൻ, അദ്ദേഹത്തിന്നു് ഇഷ്ടപ്പെട്ടവളാവാൻ, ശ്രമിച്ചുവെങ്കിൽ!

ഭാര്യയോടുകൂടി പുറത്തെവിടേയും പോകാനിഷ്ടപ്പെടാത്ത പുരുഷന്മാർ എത്രയോ ഉണ്ടു് ഇതിൽ അവരെമാത്രം കുററപ്പെടുത്തിക്കൂടാ. ഭാര്യ പലപ്പോഴും അവക്കൊരസൌകര്യവും അപമാനവുമായനുഭവപ്പെടുന്നു. ഭർത്താവിനു് ഏററവുമിഷ്ടപ്പെട്ട വല്ല സിനിമക്കോ, നാടകത്തിനോ, അഥവാ വല്ല സമാജങ്ങാംക്കോ പോകാനുണ്ടാവും. ഒമ്പതു മണിക്കെത്തേണ്ടതാണെങ്കിൽ എട്ടു മണിക്കുമുമ്പെത്തണമെന്നു കാലെക്കൂട്ടിത്തന്നെ അയാാം ഭാര്യയെ ചട്ടംകെട്ടിയിരിക്കും. എന്നിട്ടും ഭർത്താവു് പുറപ്പെട്ടൊരുങ്ങിക്കഴി

ഞ്ഞ ആ അവസാന നിമിഷത്തിലേ ശ്രീമതി 'മെയ്ക്കപ്പ്റൂമി'ൽ പ്രവേശിക്കു. പിന്നെ രണ്ടു മണിക്കൂർനേരത്തെ മെയ്ക്കപ്പുണ്ട്. എല്ലാം കഴിഞ്ഞു് അവിടെയെത്തുമ്പോഴേക്കും കാര്യമായുള്ള ഭാഗങ്ങളെല്ലാം അവസാനിച്ചിരിക്കും. ഒരുപക്ഷേ അയാൾ കാണാൻ കൊതിക്കുന്ന ഒരു പുതിയ പടമാവാം അല്ലെങ്കിൽ ഏറെനാളായി കേൾക്കാനാഗ്രഹിക്കുന്ന ആരുടെയെങ്കിലും പ്രസംഗമാവാം. ഫലമോ? കഠിനമായ നിരാശയും. നമ്മുടെ ശ്രീമതിക്കാവട്ടെ, അവിടെയുള്ള സാരിത്തരങ്ങളും പുതിയ ആഭരണങ്ങളും കാണണമെന്നേ ഉണ്ടാവൂ. അതുകൊണ്ടവർ സംതൃപ്തിയടയുന്നു.

ഇനി ഒരു കൊച്ചു കുഞ്ഞുകുട്ടി ഉണ്ടെങ്കിലോ, അയാളുടെ നരകം പറയാനില്ല. കുറെയിരുന്നു മടുത്താൽ അസ്വാസ്ഥ്യകാരണം അതു നിലവിളി തുടങ്ങും. ഉടനെ കർത്തവ്യബോധമില്ലാത്ത ആ അമ്മ അതിനെ അച്ഛൻെറയടുക്കലേക്ക് തട്ടിവിടുകയായി അല്ലെങ്കിൽ, തൻെറ ഭാര്യ ഇങ്ങിനെ കുഞ്ഞിനെവെച്ചു കരയിക്കുന്നതു് മററുള്ളവർ കാണുന്നുണ്ടെന്നു കരുതി അയാൾ അതിനേയുമെടുത്തു പുറത്തു പോരുന്നു. അങ്ങിനെ കുഞ്ഞിനേയും കളിപ്പിച്ചുകൊണ്ടു് ശേഷമുള്ള സമയമത്രയും അയാൾ പുറത്തു കഴിച്ചുകൂട്ടുന്നു. ഇതെല്ലാം സാധാരണ കാണാറുള്ള സംഭവങ്ങളാണ്.

ഒരു മാന്യനു പിണഞ്ഞ അമിളി കേൾക്കണോ? ഒരു സ്കൂൾ വാർഷികാഘോഷം, ഏതോ ഒരു മാന്യനാണ് അദ്ധ്യക്ഷത വഹിച്ചിരിക്കുന്നതു്. പ്രാരംഭപ്രസംഗത്തിൻെറ സമയം തുടങ്ങി പന്തലിൽ അദ്ധ്യക്ഷൻെറ ഭാര്യയുടെ മടിയിലിരിക്കുന്ന കുഞ്ഞു് എന്തിനോ ശാഠ്യം പിടിച്ചു കരയാൻ. എന്തെങ്കിലും പറഞ്ഞാശ്വസിപ്പിച്ചോ, അഥവാ പുറത്തു കൊണ്ടുപോയി കളിപ്പിച്ചോ അമ്മക്കതിൻെറ ശാഠ്യം മാററാമായിരുന്നു. പക്ഷെ, അതൊന്നുമല്ല ആ സ്ത്രീ ചെയ്തതു്. ഉടനെ കണ്ടു കരയുന്ന കുട്ടിയെ അദ്ധ്യക്ഷൻെറ അടുത്തേക്കു വിടുന്നു! പാവം! അയാൾ അപ്പോൾ ആ കുട്ടിയേയുംവെച്ചു് എന്തു കാട്ടും? ഒന്നാലോചിച്ചുനോക്കൂ.

ചിലപ്പോഠം നിർബ്ബന്ധം നിരസിക്കുവാൻ നിവൃത്തിയില്ലാ ത്തയാൽ അയാഠം സകുടുംബം വിരുന്നിനുപോകുന്നു. സ്നേഹിത ൻെറ ഭാര്യ കുറെ സംസ്കാരമെല്ലാമുള്ളവരായിരിക്കും. അവർ ലോകകാര്യങ്ങളേയോ, രാജ്യകാര്യങ്ങളേയോപററി സംസാരിക്കു മ്പോഠം നമ്മുടെ ശ്രീമതി അന്തംവിട്ടിരിക്കുന്നതു കാണാം. വീണ്ടും സ്ത്രീകളെസംബന്ധിക്കുന്ന ഏന്തെങ്കിലും പ്രശ്നങ്ങളോ, അഥവാ, കുടുംബകാര്യങ്ങളോ എടുത്തിട്ടാൽ, ഇങ്ങേപ്പുറത്തു സാരിയേയും ആഭരണങ്ങളേയുംപററിയുള്ള വർണ്ണനയോ, അല്ലെങ്കിൽ ആയിടെ കഴിഞ്ഞ ഏതെങ്കിലും വിവാഹസദ്യയുടെ അററകുററങ്ങളോ ആ യിരിക്കും സംസാരവിഷയം. കുറെയെല്ലാം സംസ്കാരവും പരി ഷ്കാരവും സിദ്ധിച്ച ആ ഭത്താവ് ഇതെല്ലാം കേഠംക്കുമ്പോഠം ലജ്ജിച്ചുപോവില്ലേ?

മററു ചിലപ്പോഠം ഭാര്യയുടെ നിർബ്ബന്ധം സഹിക്കവെയ്യാതെ അയാഠം അവളേയുംകൂട്ടി 'ഷോപ്പിങ്ങിന്' പോകുന്നു. അവിടെ ചെന്നാൽ അവർ കണ്ട സാധനങ്ങഠംക്കെല്ലാം വില ചോദിച്ചും, ഗ്രാമങ്ങളിലെ തോതനുസരിച്ചു വിലപേശിക്കൊണ്ടുമിരിക്കുന്നു. പാവം! ഭത്താവ് നാലുപുറവും തിരിഞ്ഞുനോക്കുകയാണ്—താ നറിയുന്നവരാരെങ്കിലും അവിടെയുണ്ടോയെന്ന്. ഉവ്വ്; സ്നേഹി തന്മാരിൽ പലരും അവരുടെ 'ഉത്തമാർദ്ധ'ങ്ങളൊരുമിച്ചു ഷോപ്പി ങ്ങിനു വന്നിട്ടുണ്ട്. അവർ തങ്ങഠംക്കാവശ്യമുള്ളതെടുക്കുന്നു, വാ ങ്ങുന്നു, പോകുന്നു അയാഠം ലജ്ജിച്ചു തലതാഴ്ത്തിപ്പോയി.

വേറെചില സന്ദർഭങ്ങളിൽ അയാഠം ഉദ്യോഗസ്ഥലത്തേ ക്കോ, അഥവാ ഉദ്യോഗസ്ഥലത്തുനിന്നു നാട്ടിലേക്കോ, പുറപ്പെ ട്ടതായിരിക്കും. ബസ്സിലോ വണ്ടിയിലോ ഇരുന്നുള്ള യാത്രയാണ്. ആവശ്യത്തിലേറെ പെട്ടികളും സാമാനങ്ങളും കെട്ടിഭേസിയാണു ശ്രീമതിയുടെ പുറപ്പാട്. അവനവക്കും മററുള്ളവക്കും ഇതു കൊണ്ടെത്രമാത്രം അസൌകര്യമുണ്ടെന്ന് പലപ്പോഴും സ്ത്രീകഠം ആലോചിക്കാറില്ല! അവരുടെ കുട്ടികളും സാമാനങ്ങളുമായപ്പോ

ഴെയ്യുംതന്നെ ഒരു കമ്പാട്ട്മെൻറ് നിറഞ്ഞ മട്ടായിരിക്കുന്നു. അപ്പോഴേയ്ക്കുതാ ഒരു സ്ത്രീ ഒരു കുഞ്ഞുമായി അതേ കമ്പാട്ട്മെൻറിൽ വന്നുകയറുന്നു. ഇരിക്കാൻ സ്ഥലമില്ലാതെ അവർ നിന്നൊന്നു പരുങ്ങി. അവസാനം ശ്രീമതിയുടെ മുഖത്തുനോക്കി പുഞ്ചിരിച്ചുകൊണ്ട് വിനയപൂർവ്വം ചോദിക്കുന്നു: "ഇത്തിരി സ്ഥലം തരാമോ?" "ഞങ്ങൾ ടിക്കററവാങ്ങി വണ്ടിയിൽ കയറിയിരിക്കുന്നതു് ഇഷ്ടംപോലെ ഇരിക്കാനാണ്. ഇവിടെ മററുള്ളവരുടെ സൗകര്യം നോക്കാനാവില്ല." അങ്ങിനെ കയർത്തുകൊണ്ടാണ് ഇപ്പുറത്തെ പുറപ്പാട്! എല്ലാം കണ്ടുനില്ക്കുന്ന ഭർത്താവ് ലജ്ജിക്കയല്ലാതെ എന്തുചെയ്യും? തൻെറ ഈവക പെരുമാററങ്ങൾ മാന്യനായ ഭർത്താവിൻെറ ആത്മാഭിമാനത്തെ എത്രമാത്രം ക്ഷതപ്പെടുത്തുന്നുണ്ടെന്നു അവരറിയുന്നില്ല

ഇങ്ങിനെ തൻെറ സ്വഭാവവുമായി തീരെ പൊരുത്തപ്പെടാത്ത ഭാര്യയെ കൂടെ കൊണ്ടുനടക്കാൻ പലപ്പോഴും പുരുഷൻ ഇഷ്ടപ്പെട്ടെന്നുവരില്ല. ഇതിൽ അയാളെ കുററപ്പെടുത്തിയിട്ടൊട്ടു കാര്യവുമില്ല. ഭാര്യയുടെ സംസ്കാരവിഹീനമായ പെരുമാററം, അന്യരുമായി ഇടപെടാൻ വശമില്ലായ്മ, ഭർത്താവിൻെറ സ്ഥിതിക്കും മാന്യതക്കും യോജിച്ചതല്ലാത്ത വേഷം—ഇതെല്ലാം പലപ്പോഴും അയാളെ അപമാനിതനാക്കുന്നു. തൻെറ ഭാര്യ ഇത്ര സംസ്കാരരഹിതയാണെന്നു് അന്യരെ മനസ്സിലാക്കാൻ അധികമാരും ഇഷ്ടപ്പെട്ടെന്നുവരില്ല.

ഇന്നത്തെ പുരുഷലോകം സ്ത്രീയിൽ ഗൃഹിണിയോടൊപ്പം തന്നെ ഒരു ജീവിതസഖിയേയും കണ്ടെത്താൻ ശ്രമിക്കുന്നു. പക്ഷേ നമ്മുടെ സ്ത്രീകൾ ഇനിയും വേണ്ടത്ര വളൎന്നുകഴിഞ്ഞിട്ടില്ലെന്നു് സമ്മതിച്ചേ പററൂ. പുരുഷന്മാരിൽനിന്നു വളരെയേറെ പിന്നിലാണു് നാമിന്നും. അവരോടൊപ്പമെത്താൻ വിദ്യാഭ്യാസപരമായും, സംസ്കാരപരമായും വളരെയേറെ പുരോഗമിക്കേണ്ടിയിരിക്കുന്നു നാം.

സ്ത്രീ പുരുഷൻെറ സഹചാരിണിയും സുഹൃത്തുമാവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, സ്വന്തം സ്വഭാവവും, പെരുമാററവും പരിഷ്കരിച്ചേ പററൂ. ഭർത്താവിൻെറ അഭീഷ്ടങ്ങളും, അഭിപ്രായങ്ങളും ഇന്നിന്നവയെന്നു് മനസ്സിലാക്കി അവയുമായിണങ്ങിച്ചേരാൻ ശ്രമിക്കുക; അവയിൽ അഭിജ്ഞാനമാർജ്ജിക്കുക — അങ്ങിനെ ഭർത്താവിൻെറ സന്തതസഹചാരിണിയാവാനുള്ള അർഹത നേടുക. അതാണു് ഒരു ഭാര്യയുടെ കർത്തവ്യം

ഈ കർത്തവ്യങ്ങൾ തികച്ചും നിറവേററിക്കഴിഞ്ഞശേഷവും ഭർത്താവു് തന്നെ കൂടെ കൊണ്ടുപോകുന്നില്ലെങ്കിൽ, അദ്ദേഹത്തിൻെറ കൃത്യങ്ങളിൽ പങ്കുചേരാൻ സമ്മതിക്കുന്നില്ലെങ്കിൽ, നിൻെറ സ്നേഹിതയ്ക്കു് അദ്ദേഹത്തോടു ധൈര്യപ്പെട്ടു പറഞ്ഞുകൂടെ "ഞാനും കൂടെ വരാം" എന്നു്? അയാൾ നിരസിക്കുമോ? തീർച്ചയായുമില്ല. ദുർഗ്ഗമായ ഈ ജീവിതപന്ഥാവിൽ ഒരു കൂട്ടുകാരിയെ കിട്ടുന്നതു് അയാൾക്കും ആശ്വാസകരമാവില്ലേ? അഥവാ നിരസിക്കുകയാണെങ്കിലോ, "മുന്നിൽ നടപ്പാൻ............ഞാൻ മമ പിന്നാലെവേണമെഴുന്നെള്ളുവാൻ ഭവാൻ" എന്ന സീതാദേവിയുടെ നയംതന്നെ സ്വീകാര്യം! നീ എന്തു പറയുന്നു?

# 5
# സ്ത്രീകളും ഓണവും

പ്രിയപ്പെട്ട രമേ,

ഇക്കൊല്ലം ഓണാഘോഷത്തിൽ നിങ്ങളുടെ മഹിളാസമാജം അവിടെയുള്ള മറെറല്ലാ കേരളീയ സംഘടനകളേയും കവച്ചുവെക്കുമെന്നു് നീയെഴുതിയിരുന്നല്ലോ. എന്തെല്ലാമാണു് നിങ്ങളുടെ ഓണാഘോഷപരിപാടികൾ? കലാപരിപാടികളിൽ ഒരു കൈകൊട്ടിക്കളിയെങ്കിലുമുൾപ്പെടുമോ? ഇല്ലെങ്കിൽപ്പിന്നെ എന്തു് ഓണാഘോഷമാണു്?

ഈ നാട്ടിൻപുറത്തേക്കൊന്നെത്തിനോക്കൂ, ഓണത്തെ അതിൻെറ യഥാർത്ഥരൂപത്തിൽ ദർശിക്കണമെങ്കിൽ പ്രകൃതിയും മനുഷ്യനും ഒരുപോലെ ആത്തുതിമത്തുല്ലസിക്കുകയാണു്. വിശേഷിച്ചും സ്ത്രീകളും കുട്ടികളും. അവരുടെ ആഹ്ലാദത്തിനു് ഒരു കൈയ്യും കണക്കുമില്ല. കയ്യിൽ പൂക്കൂടയുമേന്തി പാടത്തും പറമ്പിലും ഓണത്തുമ്പികളെപ്പോലെ പാറിനടക്കുന്ന പെൺകുട്ടികളുടെ ഉല്ലാസമൊന്നു കാണേണ്ടതല്ലേ? അവർ മത്സരിച്ചു പൂപറിക്കുകയാണു്—പിറേറന്നാൾ മുററമലങ്കരിക്കാൻ ആഹ്ലാദത്തിൽ സ്ത്രീകളും ഒട്ടും പിന്നോക്കമല്ല. ഓണം പടിക്കലെത്തിയപ്പോഴേക്കും അവരുടെ നാവിൽ പാട്ടുകൾ നൃത്തം തത്തിത്തുടങ്ങി "ഏണാക്ഷീമാരേ! ധരിച്ചുകൊൾവിൻ ഓണം വന്നു തലയിലായി"—യൌവനത്തോടു യാത്രപറഞ്ഞു പിരിയുന്ന പ്രൗഢികൾ പിന്മുറക്കാരായ യുവതികളെ ഓർമ്മിപ്പിക്കുകയാണു്: 'ഓണക്കാലംവന്ന

ടത്തുവല്ലോ! ഓണപ്പുടവയും കിട്ടുമല്ലോ!' അങ്ങിനെ യുവതികളുടെ പ്രതീക്ഷകൾക്കും പൂപൊടിപ്പു എന്തിനേറെ, പൂവിളികളും, വില്ലുകൊട്ടിപ്പാട്ടും ആട്ടക്കളവും, കൈകൊട്ടിക്കളിയും, പൊട്ടിച്ചിരികളും—അങ്ങിനെ എങ്ങും ആഹ്ലാദമയംതന്നെ! പക്ഷേ, നിങ്ങളുടെ നഗരത്തിലെ കൃത്രിമമായ ആഘോഷപരിപാടികളോ ആഭാസങ്ങളോ ഒന്നുമില്ലിവിടെ. പഴയ ആചാരമര്യാദകളിലൂടെ ഗ്രാമീണജീവിതം സരളമായങ്ങിനെ ഒഴുകിപ്പോവുകയാണു്.

പ്രകൃതിയും ഒരിക്കലും പിഴയ്ക്കാത്ത അതിൻെറ പരിപാടികൾ തുടരുന്നു. ജ്യേഷ്ഠഭരണമൊഴിഞ്ഞ കേരളത്തിൽ ശ്രീ നൃത്തം ചെയ്യുകയാണിന്നു്. കൃഷകൻെറ പരിശ്രമം പച്ചപുതപ്പിച്ച വയലുകൾ ചെങ്കതിർക്കുലകൾ നീട്ടി. ആനന്ദംകൊണ്ടു് മതിമറന്ന കൃഷകൻ ഉച്ചത്തിലൊന്നു പൂവിളിച്ചു. പ്രകൃതിയാകെ പുളകം കൊണ്ടു. പുല്ലോടികൾപോലും പുഞ്ചിരിപ്പൂവണിഞ്ഞു മരച്ചില്ലുകൾ വില്ലുകൊട്ടി. പക്ഷികൾ താളമൊപ്പിച്ചു പാടി. തൈവല്ലികൾ കൈകൊട്ടിക്കളിച്ചു. കർക്കിടകം കൊടുത്ത കരിമ്പടപ്പുതപ്പഴിച്ചുവെച്ചു് ചിങ്ങം സമ്മാനിച്ച ഓണപ്പുടവയുടുത്തു് കേരളമൊന്നു കുണുങ്ങിച്ചിരിച്ചു. പ്രകൃതിയാകെ ഏതോ ആനന്ദോത്സവം കൊണ്ടാടുകയാണു്.

എന്നും പ്രകൃതിയോടൊത്തു ജീവിക്കുന്നവരാണു് കേരളീയർ. ഓണം ഈ തത്വത്തെ കുറേക്കൂടി തെളിയിക്കുന്നു. നോക്കൂ, അവർ, ജീവിതത്തിൻെറ ഏതല്ലലും മറന്നു് പ്രകൃതിയോടൊപ്പം ആഹ്ലാദിക്കാൻ ഒരുങ്ങിക്കഴിഞ്ഞു.

മനുഷ്യനു് ഇടക്കെങ്കിലും കർമ്മത്തിൽനിന്നൊന്നു വിരമിച്ചു വിശ്രമിക്കാതെ കഴിയില്ല. ജീവിതയാതനകൾ മറന്നു കൂടക്കൂടെ ആഹ്ലാദിക്കാതെ അവനു് വയ്യ ജീവിക്കാൻ പാടുപെടുന്ന മനുഷ്യനു് ജീവിതത്തിൻേറതായ അല്ലലുകളും അലട്ടുകളും കുറച്ചിടക്കെങ്കിലും മറക്കാതിരിക്ക സാദ്ധ്യമല്ല. അങ്ങിനെ മനുഷ്യനെ വിശ്രമിക്കാനും മറക്കാനും ആഹ്ലാദിക്കാനും പ്രേരിപ്പിക്കുന്ന

ചില അപൂൎവ്വ വേളകളാണു് ആണ്ടുവിശേഷങ്ങൾ. എന്നും ഒരേ മട്ടിലങ്ങിനെ ഞെരങ്ങി നീങ്ങുന്ന മനുഷ്യജീവിതത്തിന്നു് ആവേശവും, പുതുമയുമരുളുന്നതിൽ, അതിനെ ആനന്ദപ്രദവും ആശ്വാസകരവുമാക്കുന്നതിൽ, ഉത്സവങ്ങൾക്കു നല്ലൊരു പങ്കുണ്ടു്. അതു മനസ്സിലാക്കി ഉത്സവവേളകളെ തികച്ചും ഉപയോഗപ്രദമാക്കുന്നതിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ ശ്രദ്ധിക്കാറുണ്ടെന്നു് തോന്നുന്നു. അലങ്കാരത്തിലും, ആഹ്ലാദത്തിലും, ആഭിജാത്യത്തിലും എന്നും പുരുഷന്മാരെ കവച്ചുവെക്കുന്നവരാണല്ലോ സ്ത്രീകൾ

അല്ലെങ്കിലും പുരുഷന്മാരോടില്ലാത്ത എന്തോ ഒരടുപ്പം കേരളത്തിലെ ഏതാണ്ടു വിശേഷങ്ങൾക്കും സ്ത്രീകളോടുണ്ടു്. ഇവിടത്തെ ഉത്സവങ്ങൾക്കു പ്രകൃതിയോടുള്ള അഭേദ്യമായ ബന്ധമായിരിയ്ക്കാം അതിന്നുള്ള പ്രഥമകാരണം. പുരുഷനേക്കാൾ പ്രകൃതിയുമായിണങ്ങിക്കഴിയാൻ, അതിൽ ലയിച്ചു നയിക്കാൻ കഴിവുള്ളവളാണല്ലോ സ്ത്രീ. പിന്നെ, മനുഷ്യജീവിതത്തിന്നു് ആനന്ദവും ആശ്വാസവുമരുളുക എന്ന സ്ത്രീയുടെ അതേ ജീവിതധൎമ്മമാണു് ഉത്സവങ്ങൾ അനുവൎത്തിക്കുന്നതും. അപ്പോൾ മനുഷ്യജീവിതത്തെ എന്നും ഒരുത്സവമാക്കാൻ ബാദ്ധ്യതപ്പെട്ട സ്ത്രീകൾതന്നെയല്ലേ ഈ ഉത്സവവേളകളെ തികച്ചും ആസ്വദിക്കേണ്ടതും മററുള്ളവൎക്കാസ്വാദ്യമാക്കേണ്ടതും?

ഓണാഗമത്തെക്കുറിച്ചു് പല പഴംകഥകളും നീ കേട്ടിരിക്കും. നിനക്കവയിലൊന്നും വിശ്വാസമുണ്ടാവില്ല. അവയെല്ലാം അപ്പടി വിശ്വസിക്കണമെന്ന പക്ഷക്കാരിയല്ല ഞാനും. പക്ഷേ, ആ പഴങ്കഥകളുടെ പുറംതൊലികൾ പൊളിച്ചുനീക്കുമ്പോൾ അവക്കുള്ളിൽ എന്തോ തങ്ങിനില്ക്കുന്നതായി കാണാം. അതിനെ നിസ്സാരമെന്നു തള്ളിക്കളുടാ. അങ്ങിനെ നോക്കുമ്പോൾ ഓണത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങളിലെല്ലാം ഒരേയൊരു തത്വം മുററിനില്ക്കുന്നു—സ്നേഹത്തിലും ത്യാഗത്തിലുമാണു് ആനന്ദവും ഐശ്വൎയ്യവും കുടികൊള്ളുന്നതെന്ന മഹാസത്യം.

വഞ്ചനയും മോഹാന്ധതയും ദേവനെക്കൂടി രാക്ഷസത്വത്തിലേക്കു് അധഃപതിപ്പിക്കുമ്പോൾ സത്യസന്ധതയും ത്യാഗസന്നദ്ധതയും രാക്ഷസനെ ദേവത്വത്തിലേക്കുയർത്താൻ പര്യാപ്തമാവുന്നു. ചതിപ്രയോഗത്താൽ വാമനരൂപംപൂണ്ടു് ത്രൈലോക്യം വശഗമാക്കിയ മഹാവിഷ്ണുവെയല്ല, അദ്ദേഹത്താൽ നിർദ്ദയം പാതാളത്തിലേക്കു ചവുട്ടിത്താഴ്ത്തപ്പെട്ട മഹാബലിയെയാണു് ഓണം സാഘോഷം എതിരേല്ക്കുന്നതു്. ത്യാഗത്തിന്റെ പ്രതീകമായ മഹാദേവനെയാണു് അന്നു കേരളീയർ തൃക്കാക്കരയപ്പനെന്ന പേരിൽ നാലുകെട്ടിന്റെ നടുമുററത്തു പ്രതിഷ്ഠിച്ചാരാധിക്കുന്നതു്. ഇനിയും ശ്രദ്ധിക്കുക; മുററത്തു് ഈ പൂക്കളം വരച്ചുവെച്ച ആ പിഞ്ചുവിരലുകൾ എത്രമാത്രം മഹത്തായൊരു സന്ദേശമാണെന്നോ നമുക്കു നല്കുന്നതു്! അപ്പപ്പൂതൊട്ടു് പൊൻതാമരപ്പൂവരെ ഒപ്പം വിലസുന്ന ആ പൂക്കളം, പരസ്പരസൌഹാർദ്ദം ജീവിതത്തെ എത്രമാത്രം സുന്ദരമാക്കാമെന്നതിനുള്ള നിദർശനമല്ലേ? അങ്ങിനെ ആരാഞ്ഞുനോക്കുമ്പോൾ കാണാം, ഏതുത്സവച്ചടങ്ങുകളും ഏതോ മഹത്തായ ആന്തരാർത്ഥമുൾക്കൊള്ളുന്നവയാണെന്നു്. മനുഷ്യനു് അവയെല്ലാം നിത്യജീവിതത്തിൽ പകർത്താൻ കഴിഞ്ഞാൽ ഈ ജീവിതം എന്നുമെന്നും അവന്നൊരുത്സവമായിത്തീർന്നേനെ!

പരസ്പരവിദ്വേഷവും സ്വാർത്ഥപരതയുംകൊണ്ടു് പൊറുതിമുട്ടിയ മനുഷ്യസമുദായത്തിന്നു സൌഹാർദ്ദത്തിന്റേയും സഹാനുഭൂതിയുടേയും ആവശ്യകത ഇന്നത്തെപ്പോലെ മറെറന്നും അനുഭവപ്പെട്ടിട്ടുണ്ടാവില്ല ഈ അവസ്ഥയിൽ അതിന്നു് ആശ്വാസമരുളാൻ, സമുദായത്തിൽ സ്നേഹവും സമാധാനവും വളർത്താൻ, പുരുഷനേക്കാൾ കഴിവുണ്ടു് സ്ത്രീക്കു്. അപ്പോൾ ആ വിശിഷ്ടസന്ദേശം വഹിച്ചെത്തുന്ന ഓണത്തെ ആദരിക്കാൻ പുരുഷനേക്കാൾ അർഹതയും അധികാരവും സ്ത്രീക്കുതന്നെയല്ലേ?

പക്ഷേ, ഒരു കാര്യം: ഓണച്ചടങ്ങുകളുടെ ആന്തരാർത്ഥം മനസ്സിലാക്കാതെ അവയുടെ ബാഹ്യാഡംബരങ്ങളിൽ ഭ്രമിച്ചുപോകുന്ന നാം വസ്തുവെ മറന്നു് നിഴലിനെ ആരാധിക്കുകയാണ്. വിഭവസമൃദ്ധമായ സദ്യയുണ്ടതുകൊണ്ടോ, വിലപിടിച്ച ആടയാഭരണങ്ങളണിഞ്ഞതുകൊണ്ടോ, സ്വയം ആർത്തുതിമർത്തുല്ലസിച്ചതുകൊണ്ടോ ഓണത്തെ മാനിക്കലാവില്ല. മറിച്ചു്, ആ ഒരു ദിവസമെങ്കിലും, ഉണ്ണാത്തവനെ ഊട്ടുവാനും, ഉടുക്കാനില്ലാത്തവന്റെ നഗ്നത മറക്കാനും, വ്യഥിതംഹൃദയങ്ങളിലെ വേദനകൾ ഒപ്പിയെടുക്കാനും നാം തുനിഞ്ഞെങ്കിൽ! അങ്ങിനെ ഓരോരുത്തരും അവരവരുടെ സ്നേഹത്തിന്റെ അതൃത്തിയെ ആവുന്നതുംവിസ്തൃതമാക്കിയെങ്കിൽ!

# 6
# അടുക്കളയിലുമാവാം ചില പരിഷ്കാരങ്ങൾ

പ്രിയപ്പെട്ട രമേ,

ഇത്തവണ എന്റെ കത്തു് കാണാഞ്ഞിട്ടു് നീ പരിഭ്രമിച്ചിരിക്കും. ഒന്നും എഴുതാൻ കണ്ടില്ല. അതാണമാന്ദ്യമായിപ്പോയതു്.

ഞാനോക്കുകയാണു്: ഇന്നത്തെ മനുഷ്യൻ എത്ര വളൎന്നിട്ടുണ്ടു് ഇല്ലേ? —ശാസ്ത്രീയമായും കലാപരമായും! ജീവിതത്തിന്റെ എല്ലാ തുറകളിലും അവ വെളിച്ചം വീശുന്നു. എന്നിട്ടും നമ്മുടെ ഗൃഹജീവിതത്തിൽ അവക്കേറെയൊന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നുള്ളതു് കഷ്ടമല്ലേ? നമ്മുടെ വീട്ടുവാതിലുകൾ മനുഷ്യന്റെ ഈ നേട്ടങ്ങൾക്കുമുമ്പിൽ ഇന്നു് അടക്കപ്പെട്ടിരിക്കയാണു്.

മനുഷ്യന്റെ കലാബോധത്തിന്റെ ആദ്യചിഹ്നം ഒരു പക്ഷ കുടുംബജീവിതമായിരിക്കണം. അവന്റെ എല്ലാ ലളിതഭാവനകളും മഹത്വാകാംക്ഷകളും കിളൎത്തും തളിൎത്തും വളൎന്നും, വികസിച്ചതുമെല്ലാം അതിനുള്ളിൽവെച്ചാണു്. എന്നിട്ടും അവയുടെ വെളിച്ചം നുകരാൻ അതിനു സാധിക്കുന്നില്ലെന്നു് വരുന്നതു് ദയനീയമല്ലേ? ഒരു കുടുംബനിൎമ്മിതിക്കു പരിപൂൎണ്ണമായ ശാസ്ത്രജ്ഞാനവും കലാബോധവും അത്യാവശ്യമാണു്. പക്ഷേ വിവാഹശേഷം പെൺകുട്ടികൾക്കു അതു തനിയെയങ്ങു് വശമായിക്കൊള്ളും എന്ന ഒരശ്രദ്ധമട്ടാണിന്നും നമുക്കതിന്റെനേരെ

ഇതാശാസ്യമല്ല. പാശ്ചാത്യരാജ്യങ്ങളിൽ ഗൃഹകാര്യങ്ങഠം പഠിപ്പിക്കുവാൻ പ്രത്യേക കോളേജുകഠംതന്നെയുണ്ട്. ഇന്ത്യയിലോ? ഇന്നും ആ ഭാരമേറിയ ജോലി അജ്ഞകളായ അമ്മമാരുടെ കയ്യിലാണ് അപ്പിക്കപ്പെട്ടിട്ടുള്ളതു്. തന്മൂലം ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച പെൺകുട്ടികഠംപോലും ഗൃഹകാര്യങ്ങഠം കേവലം അജ്ഞകളാണ്. വീട്ടുജോലികഠം ഭംഗിയാംവണ്ണം നിർവ്വഹിക്കുവാനുള്ള കഴിവ് സുഖകരമായ ഗാർഹസ്ഥ്യജീവിതത്തിന്നൊഴിച്ചുകൂടാത്തതത്രെ. തുന്നൽ, കൈവേല, ചിത്രകല, ശിശുപരിപാലനം, പ്രഥമശുശ്രൂഷകഠം, പാചകവിദ്യ, അലക്ക് എന്നിവയെല്ലാം വീട്ടുജോലികളിലുഠംപ്പെടുന്നു ഇതെല്ലാമടങ്ങിയതാണ് ആധുനികഗൃഹശാസ്ത്രം.

ഗൃഹം വാസ്തവത്തിൽ ഒരു നിർമ്മാണശാലയാണ്. ശാസ്ത്രത്തിൻേറയും കലയുടേയും സഹായത്താൽ നമുക്കതിനെ കൂടുതൽ പരിഷ്കൃതമാക്കാം. ജീവിതസൌകര്യങ്ങഠംക്കുവേണ്ടി സമുദായികജീവിതത്തിൽ കലയേയും, ശാസ്ത്രത്തേയും ആശ്രയിക്കുന്ന നമ്മഠം ഗൃഹജീവിതത്തിൽ അവയെ പ്രായോഗികമാക്കാൻ ഏറെക്കുറെ വിമുഖരാണ്. സാമുദായികമായി നാം ഇരുപതാം നൂററാണ്ടിലാണ് ജീവിക്കുന്നതെങ്കിലും നമ്മുടെ ഗൃഹജീവിതം പതിനാലാം നൂററാണ്ടിലേതാണിന്നും. തങ്ങളുടെ വീട്ടുവ്യവസ്ഥയിൽ പുതിയ സമ്പ്രദായങ്ങഠംക്കും പ്രയോഗങ്ങഠംക്കും സ്വാഗതമരുളാൻ നമ്മുടെ വീട്ടമ്മമാർ മടി കാണിക്കുന്നു. നൂററാണ്ടുകഠംക്കുമുമ്പുള്ള അതേ അടുക്കളയാണിന്നും നമ്മുടേത്. അതേ അടുപ്പ്, അതേ ചട്ടുകം, പഴകിയ അതേ സാമഗ്രികഠം! ഇന്നും പണ്ടത്തെമാതിരി വസ്ത്രങ്ങഠം പാറമേൽ അടിച്ചലക്കുന്ന സമ്പ്രദായമാണ് നമുക്കുള്ളതു്. പാത്രങ്ങഠം കഴുകുന്ന ജോലിയും മുമ്പത്തെപ്പോലെതന്നെ ഭാരമേറിയതാണ്. യൂറോപ്പിലേയും അമേരിക്കയിലേയും മററും സ്ഥിതി ഇതിൽനിന്നെത്രയോ വ്യത്യസ്തമാണ്. യന്ത്രശാലകളിലും വയലുകളിലും മാത്രമല്ല അവർ ശാസ്ത്രീയോപകരണങ്ങളെ

ആശ്രയിക്കുന്നതു് വീട്ടുജോലികളിലും അവർ അവയെ തികച്ചും പ്രയോഗക്ഷമമാക്കുന്നു. നല്ലതെന്തും, ആരുടെയായാലും പകർത്താൻ നാം തയ്യാറാവുകയാണെങ്കിൽ ഈ രീതിയും നമുക്കനുകരണീയമാവുമെന്നു തോന്നുന്നു. പക്ഷേ, അതിന്നാദ്യമായി ജനങ്ങളുടെ ജീവിതത്തോതുയർത്തിയേ തീരൂ.

പെൺകുട്ടികൾക്കു ഗൃഹശാസ്ത്രത്തിൽ അഭ്യസനം നല്കാനുതകുമാറു്, സക്കാരിൽനിന്നു പ്രത്യേക ഗൃഹശാസ്ത്രകോളേജുകൾ സ്ഥാപിക്കണം. നവീനസാമഗ്രികളുപയോഗിച്ചു വീട്ടുകാര്യങ്ങൾ വ്യവസ്ഥീകരിക്കേണ്ടതെങ്ങിനെയെന്നവരെ മനസ്സിലാക്കണം.

# 7
# സാമ്പത്തികസമത്വത്തെപ്പററി

പ്രിയപ്പെട്ട രമേ,

സ്ത്രീയുടെ സാമ്പത്തിക സമത്വത്തെപ്പററി നീ വളരെയേറെ എഴുതിക്കണ്ടു. പെട്ടെന്നങ്ങിനെയൊരു പ്രശ്നമുദിക്കാൻ കാരണം? എന്തുമാവട്ടെ, ഞാനും ആ വിഷയത്തെപ്പററി ഇരുപാടും, തലങ്ങും വിലങ്ങും ആലോചിക്കാറുണ്ട്. പക്ഷേ, നീ നിർദ്ദേശിച്ചമാതിരി നിർണ്ണായകമായൊരു മറുപടി തരുവാൻ മാത്രം ഇനിയുമൊരു നിഗമനത്തിലെത്താൻ കഴിഞ്ഞിട്ടില്ല എനിക്ക്. എങ്കിലും, എന്തെങ്കിലും ചിലതെഴുതാഞ്ഞാൽ നീ മുഷിയുമല്ലോ! അതേതായാലും വയ്യ. പിന്നെ, നീ ആക്ഷേപിക്കാറില്ലേ എൻെറ ആശയങ്ങൾ പലതും പഴഞ്ചനാണെന്ന്! ഈ വിഷയത്തെസ്സംബന്ധിച്ചും നാം തമ്മിൽ വളരെയേറെ അഭിപ്രായവ്യത്യാസങ്ങളുണ്ടാവാം. പക്ഷേ, പതിവുപോലെ അവസാനമൊരു യോജിപ്പിലെത്തുമെന്നാശിക്കുന്നു.

സമുദായത്തിൽ സ്ത്രീയുടെ അവശതകളുടെയൊരു പ്രധാന കാരണം അവളുടെ ധനപരമായ പരാധീനതയാണെന്നൊരഭിപ്രായമുണ്ട് നിനക്ക് അല്ലേ? ഏറെക്കുറെ ശരിയാവാമതു്. ധനമാർജ്ജിക്കുന്നവൻ പുരുഷനാണ്. പുരുഷനിൽനിന്നാണ് അതു് സ്ത്രീയുടെ കയ്യിലേക്കൊഴുകുന്നതു്. അപ്പോൾ ആർത്ഥികമായി പുരുഷനെ അപേക്ഷിച്ച് രണ്ടാംസ്ഥാനമേയുള്ള സ്ത്രീക്ക്. എന്നു് പറഞ്ഞാൽ സാമ്പത്തികമായി പുരുഷന്നടിമയാണവൾ. ഈ അ

വശത പരിഹാരത്തിന്നു് ഒരേഒരു പോംവഴിയേയുള്ളു. സ്ത്രീയും പുരുഷനോടൊപ്പം പ്രവൃത്തിയെടുക്കുകയും, ധനമാജ്ജിക്കുകയും ചെയ്യുക.

പക്ഷേ, ഈ സാമ്പത്തികസമത്വം സ്ത്രീയെ അവളുടെ ലക്ഷ്യപ്രാപ്തിയിലേക്കണയ്ക്കുമോ? സ്ത്രീയും, പുരുഷനും തോളോടു തോൾ ചേന്നു് പ്രവൎത്തിക്കുന്ന സമത്വസുന്ദരമായൊരു സമുദായജീവിതം സൃഷ്ടിക്കാനുതകുമോ? ഭാവിയുടെ ഗൎഭത്തിലാണിവയ്ക്കുള്ള ഉത്തരങ്ങൾ കിടക്കുന്നതു്. പക്ഷെ, സാമ്പത്തികാടിസ്ഥാനത്തിലല്ല, സമുദായജീവിതം അധിഷ്ഠിതമായിട്ടുള്ളതെങ്കിൽ, ആത്മീകസമത്വംമൂലം അതിന്നതേക്കാൾ പുരോഗമിക്കുമെന്നു് പ്രതീക്ഷിക്കവയ്യ

കാരണം, സ്ത്രീയുടേയും പുരുഷൻേറയും ജീവിതധൎമ്മങ്ങൾ വ്യത്യസ്തങ്ങളാണു്. ആ വ്യത്യസ്തധൎമ്മങ്ങളിലാണു് സുസംഘടിതമായ സമുദായം നിലകൊള്ളുന്നതു്. സ്ത്രീ സൃഷ്ടിക്കുന്നു; പുരുഷൻ കാത്തുരക്ഷിക്കുന്നു. പുരുഷൻ ധനമാജ്ജിക്കുന്നു; സ്ത്രീ ചിലവഴിക്കുന്നു. സ്ത്രീക്കു ചിലവഴിക്കാനാണു് പുരുഷൻ സമ്പാദിക്കുന്നതു്. പുരുഷൻെറ കുടുംബം ഭരിക്കുക, അവൻെറ തലമുറയെ വളൎത്തിക്കൊണ്ടുവരിക—സ്ത്രീയുടെ ധർമ്മമാണതു്. അതിന്നു വേണ്ടിയാണവൾ പുരുഷൻെറ സമ്പാദ്യം ചെലവഴിക്കുന്നതു്. ഈ നിലയിൽ പുരുഷൻ സ്ത്രീയുടേയോ, സ്ത്രീ പുരുഷൻേറയോ അടിമയാണെന്നു വിധിക്കാമോ? ഒരാൾക്കു മറേറയാളുടെ സഹായം ജീവിതത്തിൽ അനിവാര്യമാണു് ആ പരസ്പരബന്ധം ജീവിതധർമ്മമെന്നതിൽക്കവിഞ്ഞു സഹാനുഭൂതിയുടേയോ, അനുകമ്പയുടേയാ പേരിലാകുമ്പോഴാണു് എല്ലാം അവതാളത്തിലാവുന്നതു്. പുരുഷൻെറ സമ്പാദ്യംകൊണ്ടാണു് താൻ ജീവിക്കുന്നതെന്ന അടിമമനോഭാവം ഒരിക്കലും സ്ത്രീയിലുളവാകാതിരിക്കാൻ പുരുഷൻ ശ്രദ്ധിക്കേണ്ടതാണു്. സ്ത്രീ എന്നും പുരുഷൻെറ സമ്പാദ്യം തിന്നു വീട്ടിൽ ശാന്തമായൊതുങ്ങി ജീവിക്കാൻ ഇഷ്ടപ്പെട്ടു

ന്നവളാണ്. പകരം അവളവന്ന് നൽകുന്നതോ? സുശാന്തവും, സ്നേഹമസൃണവുമായ കുടുംബസൌഖ്യം. അതില്ലായിരുന്നെങ്കിൽ പുരുഷൻ എങ്ങിനെ ജീവിക്കും? സമുദായം എങ്ങിനെ നിലനില്ക്കും? പുരുഷൻെറ നീരസമായ, വരണ്ട, ദുർഗ്ഗമമായ ജീവിതം സരസവും, സരളവും, സുഗമവുമാക്കാൻ സ്ത്രീയുടെ സാഹചര്യം അനിവാര്യമാണ്. അവളുടെ മൃദുലവികാരങ്ങളിൽനിന്നാണ് പ്രവൃത്തിയെടുത്തു തളൎന്ന പുരുഷൻ നിരേന്ന ഉത്തേജനവും, ഉല്ലാസവുമാൎന്ന് വീണ്ടും പ്രവൎത്തിക്കുവാനുള്ള ശക്തി സംഭരിക്കുന്നത്. അപ്പോൾ, പുരുഷയന്ത്രത്തിനു പ്രവൎത്തിക്കാനാവശ്യമായ 'എനർജി'യാണ് സ്ത്രീ. ബാഹ്യലോകത്തിൻെറ അല്ലലുകൾക്ക് ഏറെയൊന്നും അലട്ടാൻ കഴിയാത്ത, സുശാന്തമായ ഒരു ഗാൎഹികാന്തരീക്ഷത്തിലെ ആ 'എനർജി' സ്ത്രീയുടെ മൃദുലഭാവങ്ങൾ, സുഭദ്രമായി സൂക്ഷിക്കപ്പെട്ടതാണു. അപ്പോൾ, സ്ത്രീ ഉദ്യോഗജീവിതത്തിന്നിറങ്ങുകയെന്നതിന്നൎത്ഥം സമുദായജീവിതത്തെ കുഴപ്പത്തിലേക്കുന്തിയിടുകയെന്നതാവില്ലേ?

പക്ഷേ, പുരുഷന്മാരേക്കാൾ സ്ത്രീകളുടെ ജനസംഖ്യ വൎദ്ധിച്ചുവരുന്ന ഇക്കാലത്തു് മറെറന്താണൊരു പോംവഴി? പേരെങ്കിൽ ഇന്നത്തെ വിഷമംപിടിച്ച സാമ്പത്തികപ്രശ്നവും! അതു് സ്ത്രീപുരുഷബന്ധത്തെ അനുനിമിഷം ഒരപകടസന്ധിയിലേക്കുന്തിനീക്കുകയാണ്. പുരുഷൻെറ പരിമിതമായ സമ്പാദ്യംകൊണ്ടു് കുടുംബം പുലരുക സുകരമല്ലെന്നു വരുമ്പോൾ സ്ത്രീയും അവനോടൊപ്പം പുറത്തിറങ്ങി വേലയെടുക്കാനും ധനമാൎജ്ജിക്കുവാനും നിൎബ്ബന്ധയാവുന്നു.

ഒരു സുപ്രസിദ്ധ ഹിന്ദിസാഹിത്യകാരനായ ശ്രീ. ജൈനേന്ദ്രകുമാറുമായി കുമാരി സുശീലാ അഗ്രവാൽ എം. എ ഈ വിഷയത്തെക്കുറിച്ച് ഒരിക്കൽ ഗാഢമായൊരു ചൎച്ച്നടത്തുകയുണ്ടായി അതിൻെറ ഏതാനും ഭാഗങ്ങൾ ഞാനീ കത്തിൽ ഉദ്ധരിക്കാം.

സുശീലാ അഗ്രവാലിൻെറ ചോദ്യം:— "സാമ്പത്തികപരതന്ത്രത കാരണം പുരുഷൻ വിവാഹംതന്നെ ഒരു വിപത്തായികരുതുമ്പോൾ, കുടുംബം അയാൾക്കൊരു ഭാരമായിത്തീരുമ്പോൾ, സ്ത്രീ എങ്ങിനെ ധനത്തിന്നു് പ്രാധാന്യം കല്പിക്കാതിരിക്കും?"

ഉത്തരം:—"സ്നേഹത്തിൻേറയും ത്യാഗത്തിൻേറയും ബലത്തിൽ സമുദായത്തിൽ സ്വസ്ഥാനം സുരക്ഷിതമാക്കാമെന്നല്ലാതെ മേല്പറഞ്ഞ സാമ്പത്തികസമത്വം ഒരിക്കലും അവളെ നിഷ്ട്രിഷ്ടസ്ഥാനത്തെത്തിക്കില്ല ഉദ്യോഗജീവിതം കൈക്കൊണ്ടു് വൈവാഹികജീവിതത്തിൽനിന്നുംകുതറിപ്പോന്നു് സ്ത്രീ സ്വസമ്പാദ്യംമൂലം സ്വതന്ത്രമായൊരു ജീവിതം സ്വീകരിച്ചു എന്നിരിക്കട്ടെ! സമുദായത്തിൽ അവളിന്നനുഭവിക്കുന്ന അവശത അതുകൊണ്ടു് ദൂരീകരിക്കപ്പെടുമോ? ഞാൻ വിശ്വസിക്കുന്നില്ല. തന്മൂലം അവളുടെ ജീവിതം ഇന്നത്തേക്കാൾ സുഖകരവും സുരക്ഷിതവുമാവുമോ? എനിക്കാശയില്ല അതു് പുരുഷനുമായുള്ള സ്പർദ്ധക്കും സങ്കർഷത്തിനും വഴവെച്ചുകൊടുക്കുന്നുവെന്നുമാത്രം. ജീവിതോദ്ദേശ്യം സ്പർദ്ധയല്ല; സാമഞ്ജസ്യമാണു് സങ്കർഷമല്ല; സഹകരണമാണു്."

ചോദ്യം:— "പുരുഷൻെറ കുറഞ്ഞ സമ്പാദ്യംകൊണ്ടു് കുടുംബം പുലരുക സുകരമല്ലെന്നുവരുമ്പോൾ, സ്വകുടുംബം നിർദ്ധനതയിൽ വെന്തുമരിക്കുന്നതു കാണുമ്പോൾ, തൻെറ മാതാപിതാക്കളേയോ, ഭർത്താവിനേയോ, സഹായിക്കാൻ കഴികയാണെങ്കിൽ തീർച്ചയായും അതൊരു സ്ത്രീക്കു് ധന്യമല്ലേ?"

ഉത്തരം:— "സാമ്പത്തികസമത്വം നേടലല്ല, ജീവിതസഹകരണമാണവളുടെ ലക്ഷ്യമെങ്കിൽ തീർച്ചയായും ധന്യമാണതു്. പക്ഷേ, കണ്ടുവരുന്നതങ്ങിനെയല്ലല്ലോ! ധനോപാർജ്ജനം അന്യോന്യമുള്ള ജീവിത നിർവ്വഹണത്തിനുള്ളതാ

ണെന്നു് പലപ്പോഴും അവർ മറന്നുപോകുന്നു. അതു് സ്ഥിതിസമത്വത്തിനുള്ള വസ്തുമാത്രമായെണ്ണപ്പെടുന്നു. അതാണു് മൂലവ്യാധി".

ചോദ്യം:— സ്ഥിതിസമത്വത്തെ സംബന്ധിച്ചും അതാവശ്യമായിവരാം. ഭർത്തൃപീഡിതയോ വിധവയോ ആയ സ്ത്രീ തീച്ചയായും സ്വയം ജീവിതവൃത്തി സമ്പാദിക്കുവാനുള്ള മാർഗ്ഗമാരായുകതന്നെ ചെയ്യും. എന്തുപറയുന്നു?

ഉത്തരം:— എങ്കിൽ എനിക്കതിൽ എന്തു പറയാനുണ്ടു്? നിങ്ങളുടെ ആശയം പാശ്ചാത്യാനുകരണഭ്രമത്തിൻെറ സന്തതിയാണെന്നു ഞാനൂഹിക്കുന്നു. അവരുടെ ആ സ്ഥിതിസമത്വവാദം സ്ത്രീക്കും പുരുഷനും സമുദായത്തിൽ തുല്യാവകാശം നേടിക്കൊടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. പാശ്ചാത്യരാജ്യങ്ങളിൽ പുരുഷനെ അപേക്ഷിച്ചു് സ്ത്രീ അപ്രധാനയല്ലെന്നാണോ നിങ്ങൾ കരുതുന്നതു്? ഇല്ല; അവിടെ ആ സമത്വമില്ല. അതുണ്ടാകുവാനുള്ള സാമ്പത്തികസമത്വം അവരുടെ സ്ത്രീപുരുഷബന്ധത്തെ ഒരു വിഷമപ്രശ്നമാക്കിയിട്ടുണ്ടെന്നു മാത്രം. സാമ്പത്തികസ്വാതന്ത്ര്യം നേടാൻ സ്ത്രീ കിണഞ്ഞു യത്നിക്കുന്നു. എനിക്കറിയാം, ഈ 'തുല്യതാവാദ'ത്തിനു് ഇന്നു ലോകത്തിലാകെ പ്രചാരവും പ്രാധാന്യവും സിദ്ധിച്ചുവരികയാണെന്നു്. പക്ഷേ, ആരെന്തുതന്നെ പറഞ്ഞാലും ഭാരതീയസംസ്കാരം സ്ത്രീക്കനുവദിച്ചുകൊടുത്തിരുന്ന സ്ഥാനവും മാനവും, ഈ ആർത്ഥികസമത്വവും അതിൻെറ പരിപാടിയും എന്നാലും സ്ത്രീക്കു് നല്കുകയില്ലെന്നു് ഞാനുറപ്പായും പറയുന്നു."

ചോദ്യം:— "പക്ഷേ, ജീവിക്കാൻ ധനം അത്യാവശ്യമല്ലേ?"

ഉത്തരം:— "അതെ; ജീവിക്കാൻ ധനം അത്യാവശ്യമാണു്. അതിൻെറ അഭാവമാണു് നമുക്കിന്നനുഭവപ്പെടുന്നതു്. അപ്പോൾ എന്തുചെയ്യും അതാർജ്ജിക്കാൻ നാം ബാദ്ധ്യസ്ഥ

രാണ്. ഇതാണ് നിങ്ങളുടെ താല്പര്യമെന്നു തോന്നുന്നു. പക്ഷേ, പരിത:സ്ഥിതിയുടെ ആവശ്യാനുസാരം എന്തും ചെയ്യുന്നതുചിതമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. നാം പരിത:സ്ഥിതിക്കു കീഴ്പ്പെടേണമോ? അതോ അതിനെ കീഴമത്തേണമോ? ആശാവാദിയായ ഞാൻ രണ്ടാമത്തെ പക്ഷത്തിലാണ്. ധനത്തിനു ജീവിതത്തിൽ സർവ്വപ്രാധാന്യം കല്പിക്കുകയെന്നതിനു മനുഷ്യത്വത്തെ അവിശ്വസിക്കുക എന്നാണർത്ഥം. അക്കാരണംകൊണ്ടുതന്നെ — അമ്മ സ്വന്തം കുഞ്ഞിനെ വീട്ടിൽവിട്ടും ജീവിതവൃത്തി സമ്പാദിക്കുവാൻ ഓഫീസിൽ പോവുക, അതേസമയം അതേ ആവശ്യാർത്ഥം ആയ; അതിനെ പാലൂട്ടി വളർത്തുക — ഈ കൃത്രിമത്വം എനിക്കു സഹ്യമല്ല. ജീവിതസമ്പാദനശ്രമമാണ് ആ രണ്ടമ്മമാരുടേയും മാതൃത്വം അപഹരിച്ചുകളയുന്നതു്."

ചോദ്യം:— "അതേ; സമുദായം ഈ ആർത്ഥികവ്യവസ്ഥയാകുന്ന ഭീഷണരോഗത്താൽ ഗ്രസിക്കപ്പെട്ടിരിക്കയാണ്. അതു് ശാന്തമാകാത്തിടത്തോളംകാലം സ്ത്രീക്കെന്തൊന്നൊരുരക്ഷ?"

ഉത്തരം:— സ്ത്രീ തനിയെ എങ്ങിനെ രക്ഷപ്പെടാനാണ്? പുരുഷനുംകൂടി രക്ഷപ്പെടാതെ അവൾക്കു രക്ഷയില്ല. ഇവിടെ വെച്ചു് വിഷയം കുറേക്കൂടി വിപുലമാവുകയാണ്. ഒരു പക്ഷേ, അത്രയും വിസ്തൃതമായ അതൃത്തിയിലേക്കു കടക്കാൻ നിങ്ങൾ ഉദ്ദേശിക്കുന്നില്ലായിരിക്കാം."

ഞാനും വിഷയത്തെ ഇതിലുമേറെ നീട്ടാനിഷ്ടപ്പെടാത്തതുകൊണ്ടു് ഈ നീണ്ട കത്തു് നിറുത്തട്ടെ.

# 8
# സ്ത്രീകളും കുടിൽവ്യവസായവും

പ്രിയപ്പെട്ട രമേ,

അപ്പോൾ, കുടുംബഭരണവും ഉദ്യോഗജീവിതവും ഒത്തിണക്കിക്കൊണ്ടുപോവുക സ്ത്രീകളെസംബന്ധിച്ചിടത്തോളം വിഷമകരമാണെന്നു നിനക്കും പക്ഷമുണ്ട് അല്ലേ?

അതോടൊപ്പംതന്നെ സാമ്പത്തികക്കുഴപ്പം നമ്മുടെ കുടുംബജീവിതത്തെ താറുമാറാക്കുന്നുണ്ടെന്നും നിനക്കറിയാം. ഈ പ്രതിസന്ധിഘട്ടത്തിൽ സ്ത്രീക്കു വല്ലതും ചെയ്യാൻ കഴിയുമോ എന്നാണ് നിൻെറ പ്രശ്നം. വളരെയെല്ലാം ചെയ്യാൻ കഴിയുമെന്നു് എനിക്കു തോന്നുന്ന

കുടിൽവ്യവസായങ്ങളുടെ ഉന്നമനത്തിന്നായി ഗവൺമെണ്ടു് വളരെയധികം പ്രോത്സാഹനങ്ങൾ കൊടുക്കുന്ന കാലമാണല്ലോ ഇതു്. ഈ വിഷയത്തിൽ മററാരേക്കാളും മുൻകയ്യിട്ടു് പ്രവൃത്തിക്കാൻ കഴിയും നമ്മുടെ കുടുംബിനികൾക്കു്. സ്ത്രീകൾക്കു കുടുംബജീവിതത്തോടൊപ്പം നിഷ്പ്രയാസം നിർവ്വഹിക്കാവുന്നതും ധാരാളം വരുമാനമുള്ളതുമായ കുടിൽവ്യവസായങ്ങൾ പലതുമുണ്ടു്. കുടിൽവ്യവസായം എന്നു കേൾക്കുമ്പോൾത്തന്നെ നിനക്കു് പുച്ഛം തോന്നുന്നുണ്ടാവും ഇല്ലേ? പക്ഷേ, ഞാനൊന്നു ചോദിച്ചോട്ടെ: പശു, ആടു്, കോഴി മുതലായ വീട്ടുമൃഗങ്ങളെ ശാസ്ത്രീയമായ രീതിയിൽ തീററിപ്പോററി ഒരു വ്യവസായരീതിയിൽ വള

ത്തിക്കൊണ്ടിരിക്കുന്നതു് ആധുനികവനിതകളുടെ പരിഷ്കൃതമട്ടിന്നു് അത്രയധികം കുറച്ചലുണ്ടാക്കുന്ന കാര്യമാണോ? വിശ്രമവേളകളെ ധനസമ്പാദനത്തിലേക്കു നയിക്കാമെന്നു മാത്രമല്ല, സ്വന്തം കുടുംബാംഗങ്ങളിൽ സഹജീവിസ്നേഹം വളൎത്തുവാനും ഇതുപകരിക്കുന്നു. പാൽ, വെണ്ണ, മാംസം, മുട്ട മുതലായവയിൽനിന്നുള്ള വരുമാനംമൂലം സാമ്പത്തികക്കുഴപ്പത്തിൽനിന്നു സ്വയം രക്ഷപ്പെടാമെന്നതിന്നുപുറമെ, തന്മൂലം സ്വകുടുംബത്തിന്റെയും രാഷ്ട്രത്തിന്റെയും ആരോഗ്യസംരക്ഷണത്തിലും വളരെയെല്ലാം സേവനമനുഷ്ഠിക്കാൻ സ്ത്രീകൾക്കു കഴിയും. വെണ്ണ, പാൽ തുടങ്ങിയ പോഷകപദാൎത്ഥങ്ങൾ വേണ്ടത്ര ഉല്പാദിപ്പിക്കപ്പെടായ്കയാലാണു് ഇന്ത്യക്കാരുടെ ആരോഗ്യം ഇത്രയും കീഴ്പടിയിലാവുന്നതു്. നമ്മുടെ കാലിസമ്പത്തും വളരെയധികം അധഃപതിച്ച നിലയിലാണിന്നുള്ളതു്. ഇതിന്നൊരു പോംവഴിയെന്ന നിലയിൽ കുറെ മൃഗവളൎത്തുകേന്ദ്രങ്ങളും മററും ഇന്നു് അങ്ങിങ്ങു നിലവിലുണ്ടെന്ന കാര്യം ഞാൻ മറക്കുന്നില്ല, കേട്ടോ! പക്ഷേ, അതും തികച്ചും തൃപ്തികരമെന്നു സമാധാനിച്ചുകൂടാ എന്നുമാത്രം.

കുടുംബജീവിതത്തിന്നു കുറെക്കൂടി ഇണങ്ങിയതും വിശ്രമവേളകളിൽ സ്ത്രീകൾക്കു അനായാസേന ചെയ്യാവുന്നതുമായ മറെറാരു കുടിൽവ്യവസായമാണു് നൂൽനൂല്പു്. ഓരോ വീട്ടിലും ഓരോ ചക്ക; ഓരോ ഗ്രാമത്തിലും ഓരോ തറി. ഇതു സാധിതമാക്കാൻ നമ്മുടെ വീട്ടമ്മമാർ മുതിരുകയാണെങ്കിൽ, സ്വന്തം നാട്ടിലെ അവശലക്ഷങ്ങളുടെ വയർ നിറക്കുവാനും, അര മറയ്ക്കുവാനും അവൎക്കെത്ര എളുപ്പം കഴിഞ്ഞേനേ! അല്ലാ, സ്വന്തം സാമ്പത്തികക്കുഴപ്പം പരിഹരിക്കുകയാണവരുടെ ലക്ഷ്യമെങ്കിലോ അതും ഇതുകൊണ്ടു് സുസാധ്യമാണു്. സ്വന്തം വൎഷാന്തബഡ്ജറെറാന്നുനീ പരീക്ഷിച്ചുനോക്കൂ. ഒരു വലിയ തുക വസ്ത്രാവശ്യങ്ങൾക്കു മാത്രമായി നീ ചെലവഴിക്കുന്നില്ലേ? അപ്പോൾ, നൂൽനൂൽപുമൂലം വസ്ത്രക്കാര്യത്തിൽ സ്വയംപൎയ്യാപ്തതനേടാൻ കഴിയുകയാണെങ്കിൽ

കൊല്ലത്തിൽ എത്ര നല്ലൊരു സംഖ്യ നിനക്കിളവുവരുത്താൻ കഴിയും? ഓ! പരുപരുത്ത ഖദറിനോടു നിനക്കു വെറുപ്പ് കാണും ഇല്ലേ? പക്ഷേ, നീ ഓക്കണം, ഇന്ത്യയിലെ സ്ത്രീകൾ പണ്ടു കൈകൊണ്ടുണ്ടാക്കിയിരുന്നത്ര നേർമ്മയുള്ള വസ്ത്രങ്ങൾ ഇന്നു് ലോകത്തിലെ വൻതോതിലുള്ള വ്യവസായശാലകളിൽപ്പോലും ഉല്പാദിപ്പിക്കപ്പെടുന്നില്ല എന്നു്.

കേരവൃക്ഷങ്ങളുടെ നാടായ കേരളത്തിലെ എണ്ണപ്പെട്ട മറ്റൊരു കുടിൽവ്യവസായമാണു് ചൂടിപ്പണി. ചകിരിതല്ലി ചൂടി പിരിച്ചും, ചൂടികൊണ്ടു് വിവിധവിധത്തിലുള്ള കൈവേലകൾ ചെയ്തും വളരെയധികം ദരിദ്രകുടുംബങ്ങൾ ഇന്നു് ഇട്ടിക്കിൽ പുലരുന്നുണ്ടെന്നു നിനക്കറിയാം നീ ചോദിക്കുമായിരിക്കും അതെല്ലാം സാധുസ്ത്രീകളുടെ തൊഴിലല്ലേ എന്നു്. ശരി: ഞാനൊന്നു പറയട്ടെ—ചൂടികൊണ്ടു പലതരത്തിലുള്ള പരിട്ടാനകൾ, കൊട്ടപെട്ടി തുടങ്ങിയ വീട്ടുപകരണങ്ങൾ, പലതരം കളിക്കോപ്പുകൾ തുടങ്ങി ചന്തം തികഞ്ഞ വിവിധവസ്തുക്കൾ സ്വന്തം മനോധൎമ്മത്തിന്നും ഭാവനാവൈചിത്ര്യത്തിനുമനുസരിച്ചു നിൎമ്മിക്കുന്നതു്, പരിഷ്കൃതകളായ കൊച്ചമ്മമാരെ സംബന്ധിച്ചിടത്തോളം ഒരു ഹോബിയായിരിക്കുമെന്നു തോന്നുന്നു. ഓല, മുള, കൈത, ചൂരൽ തുടങ്ങിയവകൊണ്ടുള്ള കൈവേലത്തരങ്ങളും, പുല്പായനെയ്ത്തും ഈയിനത്തിലുൾപ്പെടുന്നു. പായനെയ്ത്ത്, കൊട്ടമെടച്ചിൽ, ചൂരൽകൊണ്ടുള്ള, ചന്തമാൎന്ന വീട്ടുപകരണങ്ങൾ തുടങ്ങിയവയുടെ നിൎമ്മാണം ഇനിയുമിനിയും നമ്മുടെ നാട്ടിൽ വളരേണ്ടതായിട്ടാണിരിക്കുന്നതു്. ആധുനികവനിതകളും പരിഷ്കൃതമനോഭാവവും ഭാവനാവൈദഗ്ദ്ധ്യവുമാണു് അതിന്നിനി മുന്നോട്ടു വരേണ്ടതു്.

വളൎത്തിക്കൊണ്ടുവരേണ്ടതും, പക്ഷേ, സ്ത്രീകളെസംബന്ധിച്ചിടത്തോളം കുറെയേറെ ശ്രമകരവുമായ മററു രണ്ടു കുടിൽവ്യവസായങ്ങളാണു് കൊപ്പരയാട്ടലും കളിമൺവ്യവസായവും. മനസ്സിരുത്തിയാൽ ഇപ്പറഞ്ഞവയേക്കാളെല്ലാം ആദായകരവും വി

നോദകരവുമാണ് തേനീച്ചവളർത്തൽ ഇതിന്നു കേരളത്തിൽ ഇനിയും വേണ്ടത്ര പ്രചാരം സിദ്ധിച്ചുകഴിഞ്ഞിട്ടില്ല.

തയ്യൽപ്പണി, തുണിത്തരങ്ങളിലും മററും ചെയ്യുന്ന എംബ്രോയ്ഡറികൾ, മററു നാനാവസ്തുക്കൾകൊണ്ടുമുള്ള വിവിധവിധത്തിലുള്ള ഗൃഹാലങ്കരണവസ്തുക്കൾ എന്നിവയുടെ നിർമ്മാണം നീ ഇന്നൊരു ഫാഷനായി കരുതിയിരിക്കയാണല്ലൊ! അതുപോലെ എന്തുകൊണ്ടു മേല്പറഞ്ഞ കുടിൽവ്യവസായങ്ങളും നിന്നെപ്പോലുള്ള പരിഷ്കൃതവനിതകൾക്ക് ഒരു ഫാഷൻമട്ടിൽ പരിഷ്കരിച്ചെടുത്തുകൂടാ?

അപ്പോൾ, സ്ത്രീകൾക്കു കുടുംബജീവിതത്തോടൊപ്പം ഇണക്കിക്കൊണ്ടുപോകാവുന്നതും കുടുംബത്തിലേക്കു വമ്പിച്ചതോതിൽ ധനലാഭമുണ്ടാക്കുന്നതുമായ കുടിൽവ്യവസായങ്ങൾ പലതുമുണ്ട്. അവയിൽ ചിലതിൻെറയെല്ലാം സൂചനമാത്രം നല്കാനേ എനിക്കിവിടെ കഴിഞ്ഞിട്ടുള്ളു ഇവയിൽത്തന്നെ പലതിലും ശാസ്ത്രീയമായ ശിക്ഷണവും, നിർദ്ദേശങ്ങളും അവക്കു ലഭിക്കേണ്ടതായിട്ടുണ്ട്.

ലോകം മുഴുവൻ പടർന്നുപിടിച്ചിട്ടുള്ള സാമ്പത്തികക്കുഴപ്പത്തെ നേരിടേണ്ടിവരുന്ന ഒരു കുടുംബിനിക്കു പ്രശാന്തസുന്ദരമായ കുടുംബജീവിതത്തെ തെല്ലും അലങ്കോലപ്പെടുത്താതെതന്നെ, തൽപരിഹാരത്തിനുള്ള ഉത്തമമായൊരു പോംവഴിയാണ് കുടിൽവ്യവസായങ്ങൾ. തന്മൂലം സ്വന്തം വിശ്രമവേളകളെ തനിക്കും നാട്ടിന്നും ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കാൻ അവക്കു കഴിയുന്നു അതുപോലെതന്നെ സ്വന്തം സേവനമനോഭാവങ്ങളെ, വീട്ടിൻെറ ചുവർക്കെട്ടുകൾക്കപ്പുറം, രാഷ്ട്രത്തോളവും അതിന്നുമപ്പുറം ചക്രവാളസീമയിലോളവും വ്യാപിപ്പിക്കുവാനും അവസരം കിട്ടുന്നു.

നമസ്തേ!

൭

# ഒരു വീടെങ്ങിനെ ഭംഗിയാക്കിവെയ്ക്കാം!

പ്രിയപ്പെട്ട രമേ,

നിന്റെ വീട്ടിൽ വന്നു് മടങ്ങിയശേഷം ഞാനാദ്യമായി എഴുതുകയാണു്. അഭികാമ്യമായ ആ കുടുംബജീവിതം തീർച്ചയായും എന്നെ ആകർഷിച്ചു. പക്ഷേ, വാസ്തവം പറയാമല്ലോ, ഗൃഹകാര്യങ്ങളിലുള്ള നിന്റെ ആ അശ്രദ്ധയും അലങ്കോലമട്ടും തികച്ചും അക്ഷന്തവ്യമായിത്തോന്നി എനിക്കു്. മുഖം നോക്കാതെ തോന്നിയ അഭിപ്രായം അപ്പടി തുറന്നെഴുതുകയാണു് ഞാൻ. കണ്ടതു് പറഞ്ഞാൽ കഞ്ഞിയില്ലെന്നാണു് പറയാറു്. അതെന്തോ ആവട്ടെ, സൌഹൃദത്തിന്റെ പേരിൽ തെററുകുററങ്ങൾ ചൂണ്ടിക്കാട്ടാതിരിക്കുക സാദ്ധ്യമല്ല.

നോക്കൂ, എല്ലാവിധ സുഖസൌകര്യങ്ങളുമുള്ള ഒരു വലിയ വീടാണു് നിന്റേതു്. പെരുമാറാൻ എണ്ണമില്ലാത്തത്ര വീട്ടുസാമഗ്രികളും കട്ടിൽ, കസേല, മേശ, അലമാരി, ഷെൽഫു്, സെററി, സോഫ തുടങ്ങിയ ഗൃഹോപകരണങ്ങളാണെങ്കിൽ വേണ്ടതിലേറെ അഴകുററ ഗൃഹാലങ്കരണസാമഗ്രികൾ ഇനിയും വേറൊരു വക. പക്ഷേ, എന്തുണ്ടായിട്ടെന്താ? ഒന്നും വേണ്ടതുപോലെ ഉപയോഗിക്കാൻ നിനക്കറിഞ്ഞുകൂടല്ലോ! എല്ലാം ഒരടുക്കും ചിട്ടയുമില്ലാതെ അങ്ങിങ്ങു വാരിവലിച്ചിട്ടിരിക്കുന്നു നിന്റെ സ്വീകരണമുറിയും, ഓഫീസ്റൂമും, കിടപ്പറയും, ഊൺതളവും, ക

ലവറയും അടുക്കളയും എല്ലാം കണ്ടാൽ ഒരേ മട്ടുണ്ട്. ഓരോന്നും അങ്ങിനെ വെവ്വേറെ വകതിരിച്ചുവെയ്ക്കാനുള്ള കൈമിടുക്കുണ്ടല്ലോ, മുത്തശ്ശിയുടെ ഭാഷയിൽ പറഞ്ഞാൽ 'പെണ്ണുങ്ങളുടെ വകതിരിവു്' അതൊരിത്തിരിയുമില്ല നിനക്കു്.

പരിഷ്കൃതകളെന്നഭിമാനിക്കുന്ന ഇത്തരം കുടുംബിനികളെ ധാരാളമായി കാണാറുണ്ടു്. അവൎക്കു വീട്ടിൽ കുറെ പരിഷ്കൃതസാമഗ്രികൾ വേണമെന്നേയുള്ളൂ. അടുക്കിലും ചിട്ടയിലും അവയൊതുക്കിവെയ്ക്കാൻ, ഒരു വീടു് ഭംഗിയാംവണ്ണം സജ്ജീകരിക്കാൻ അറിയുന്നവർ അവരിൽ എത്ര വിരളമാണെന്നോ!

തന്റെ വീടു് എപ്പോഴും വൃത്തിയും ഭംഗിയുമുള്ളതാക്കി സൂക്ഷിക്കുന്നതിൽ, ഗൃഹസജ്ജീകരണം സൎവ്വഥാ സുന്ദരമാക്കുന്നതിൽ ഗൃഹനായിക തികച്ചും മനസ്സിരുത്തിയേ മതിയാവൂ. വേലക്കാർ എത്രപേരുണ്ടായാലും ഈ ഉത്തരവാദിത്വം ഗൃഹനായിക ഒരിക്കലും കൈവിട്ടുകൊടുക്കരുതാത്തതാണു്. അതുപോലെത്തന്നെ തനിക്കതിലുമേറെ എത്രതന്നെ ഭാരപ്പെട്ട ജോലിത്തിരക്കുകളുണ്ടെങ്കിലും ഇതഗണ്യകോടിയിൽ തള്ളിക്കളയാനും താൻ ഭരിക്കുന്ന കുടുംബത്തിലെ ഓരോ അംഗത്തിനും സദാ ആനന്ദവും ഉന്മേഷവും ലഭിക്കത്തക്കവണ്ണം വീടു് എപ്പോഴും ശുചീകരവും സുന്ദരവുമാക്കി സൂക്ഷിക്കേണ്ട കടമ വീട്ടമ്മയുടെ മാത്രമാണു്.

ഗൃഹസജ്ജീകരണം സുന്ദരമാംവണ്ണം നിൎവ്വഹിക്കുന്നതിൽ കുറെയെല്ലാം കലാബോധവും, കൎമ്മകുശലതയും ആവശ്യമാണു്. അല്ലാതെ അലങ്കാരസാമഗ്രികൾക്കു വാരിക്കോരി പണം ചെലവഴിച്ചതുകൊണ്ടോ, നീ കാട്ടിയതുപോലെ കണ്ടമാനം ഫൎണ്ണീച്ചർ സാമാനങ്ങൾ അമ്പാരമടുക്കിയതുകൊണ്ടോ പ്രത്യേകിച്ചു് പ്രയോജനമൊന്നുമില്ല. ഗൃഹസജ്ജീകരണം കഴിയുന്നതും ചുരുങ്ങിയതോതിൽ സാധിക്കണമെന്നതായിരിക്കണം. ആ വിഷയത്തിൽ ഗൃഹനായികയുടെ ഒന്നാമത്തെ ഉന്നം. രണ്ടാമതായി അനാവശ്യമായി ഒരു സാധനംപോലും എവിടേയും വലിച്ചിടാതെ കഴി

യ്ക്കാൻ ശ്രദ്ധിക്കണം. ആവശ്യത്തിലേറെ കസേരകളും മേശകളും വലിച്ചിടുന്നതുകൊണ്ടു് പറയത്തക്ക സൌകര്യമോ, സൌന്ദര്യമോ ലഭിക്കുക പ്രയാസമാണ്. വീട്ടിൽ ഓരോ വസ്തുവും ഒതുക്കിവച്ചിരിക്കുന്നതു് കണ്ണിന്നിമ്പവും ഹൃദയത്തിന്നാഹ്ലാദവും, ഉളവാകത്തക്കവണ്ണമായിരിക്കണം. വീട്ടുസാമഗ്രികളോരോന്നും എല്ലാ കുടുംബാംഗങ്ങൾക്കും ആവശ്യമുള്ളപ്പോൾ എളുപ്പത്തിൽ എടുത്തുപയോഗിക്കുന്നതിന്നു് പാകത്തിലും കൌതുകകരമാംവണ്ണവും വ്യവസ്ഥീകരിച്ചുവെച്ചിരിക്കണം. അല്ലാതെ ഒരടുക്കും ചിട്ടയുമില്ലാതെ സാമാനങ്ങൾ വലിച്ചിടുന്നതു് കാഴ്ചക്കു് അസുഖമുളവാക്കുമെന്നുതന്നെയല്ലാ, അതുകൊണ്ടു വളരെയേറെ അസൌകര്യങ്ങളുണ്ടുതാനും. ഏതോ അടിയന്തിരാവശ്യത്തിന്നായി എന്തെങ്കിലും അത്യാവശ്യസാധനം ധൃതിപ്പെട്ടന്വേഷിക്കയാവും. അങ്ങിനെ സാധനങ്ങൾ തിരഞ്ഞു തിരഞ്ഞു് പലപ്പോഴും ഒന്നോ രണ്ടോ മണിക്കൂറുകൾ വെറുതെ നഷ്ടപ്പെടുന്നു ചിലപ്പോൾ സമയനഷ്ടം മാത്രമല്ല, ആവശ്യം ഉടനെ നിവൃത്തിക്കപ്പെടായ്കയാൽ വേറെ നാശനഷ്ടങ്ങൾ നേരിട്ടെന്നും വന്നേക്കാം.

ഇന്നിന്ന സാമാനങ്ങൾ ഇന്നിന്ന ദിക്കിൽ വെയ്ക്കുക എന്ന ചിട്ട പാലിക്കായ്കകാരണം പലപ്പോഴും കുടുംബിനികൾ അനുഭവിക്കുന്ന സമയനഷ്ടത്തിനും ബുദ്ധിമുട്ടുകൾക്കും കണക്കില്ല പല ജോലിത്തിരക്കുകൾക്കുമിടയിൽ ഇന്ന സാധനം ഇന്ന ദിക്കിൽവെച്ചു എന്നവർക്കോർക്കാനും കഴിയില്ല. എന്നിട്ടോ, വീട്ടിലുള്ള വേലക്കാരുടേയും, കുട്ടികളുടേയും, കുടുംബാംഗങ്ങളുടേയും നേക്കു് ശകാരവർഷവും. നിൻെറ രാവിലത്തെ ആ വെപ്രാളം ഞാനിപ്പോഴും ഓക്കുകയാണ്. കുട്ടികൾക്കു് സ്കൂളിൽ പോകേണ്ട തിരക്കു്. ഭത്താവ് ഓഫീസ്സിൽ പോകാൻ ധൃതികൂട്ടുന്നു. റിസ്റ്റ്‌വാച്ചു് തിരഞ്ഞു തിരഞ്ഞു് ഒരുവിധം കിട്ടി. ഇന്നലെ അദ്ദേഹം കൊണ്ടുവന്നേല്പിച്ച ഒരോഫീസ്‌കടലാസ് തിരഞ്ഞു തിരഞ്ഞു കാണാനില്ല. അദ്ദേഹത്തിനാണെങ്കിൽ സമയം വൈകുന്നു. കു

ട്ടികൾ അവരുടെ ഉടുപ്പുകൾ അന്വേഷിച്ചുകൊണ്ടു് മറെറാരുവശ
ത്തു നിന്നലട്ടുന്നു. അപ്പോഴേക്കും കൊച്ചുമകൻ പാലിനു വൈ
കി കരച്ചിൽ തുടങ്ങി മുലക്കുപ്പി എവിടെവെച്ചു എന്നു വേല
ക്കാരിയോടു് അന്വേഷിച്ചിട്ടുവേണം. ഇപ്പുറത്തു വേലക്കാരൻ
അടുക്കളയിൽനിന്നു വിളിച്ചാക്കുന്നു കറിസ്സാമാനങ്ങൾ എവിടെ
യാണുള്ളതെന്നറിയാനാണു് ഒരേ ഒരു നിമിഷത്തിലാണി
തെല്ലാം സംഭവിക്കുന്നതു്. എല്ലാംകൂടി നിന്നെ ഭ്രാന്തു് പിടിപ്പി
ക്കുന്നെങ്കിൽ എനിക്കതിലേറെയൊന്നും അത്ഭുതമില്ല. പക്ഷേ, ഒ
ന്നുമാത്രം; ഈ ബുദ്ധിമുട്ടുകൾക്കെല്ലാം നൂറു ശതമാനവും കുററക്കാ
രി നീ മാത്രമാണു്. ഓരോരുത്തരുടേയും സാമഗ്രികൾ ഇന്നിന്ന
ദിക്കുകളിൽ വെയ്ക്കുക എന്ന ഒരു ചിട്ട വെച്ചിരുന്നാൽ ആവശ്യം
വരുമ്പോൾ അവരവർ തന്നെ സ്വയം എടുത്തുകൊള്ളുമല്ലോ!
അതുകൊണ്ടു് അവക്കുപകരണങ്ങൾ ആവശ്യത്തിനു ലഭിക്കുകയും
അതേസമയം നിനക്കീ അലട്ടുകളിൽനിന്നു് രക്ഷകിട്ടുകയും
ചെയ്യും

ഇത്രയും പറഞ്ഞപ്പോൾ ഞാൻ അമ്മിണിയെ ഓക്കുകയാ
ണു് അമ്മിണിയെ നിനക്കോർമ്മയില്ലേ അല്ലെങ്കിൽ എങ്ങിനെ
മറക്കാനാണു് അല്ലേ? കുട്ടിയായിരുന്നപ്പോൾതന്നെ വെടിപ്പും
ചിട്ടയും അവളുടെ ഉടപ്പിറപ്പുകളായിരുന്നു. ക്ലാസ്സിൽ ഒന്നും താറു
മാറായി കിടക്കുന്നതു് അവൾക്കു കണ്ടുകൂടാ. നാം മൂന്നുപേരും
ഒരേ ഒരു ബെഞ്ചിൽ ഇരിക്കുമ്പോൾ, എൻേറയും നിൻേറയും അ
ലസതയെപ്പററി എത്രതവണ അവൾ ആവലാതിപ്പെട്ടിട്ടുണ്ടു്!
എപ്പോഴും നമ്മുടെ പുസ്തകങ്ങൾ ഒതുക്കിവെക്കൽ അവളുടെ തൊ
ഴിലായിരുന്നു ഒരു ഗൃഹനായികയുടെ കർത്തവ്യബോധംകൂടി ചേ
ന്നപ്പോൾ അവളുടെ ഈ ശുചിത്വബോധം കുറേക്കൂടി ആകർഷക
മായിരിക്കുന്നു. ആ അടുക്കും ചിട്ടയും ജീവിതത്തെയാകെ മനോ
ഹരമാക്കുന്നു. ആ കുടുംബത്തെയാകെ അതടുക്കും ചിട്ടയുമുള്ള
തായി സൂക്ഷിക്കുന്നു.

മാസത്തിൽ കഷ്ടി നൂററപ്പികമാത്രം വരുമാനമുള്ള ഒരെളിയ ഉദ്യോഗസ്ഥനാണ് അവളുടെ ഭർത്താവ്. ആ ചെറു കുടുംബത്തിനു കഷ്ടിച്ചു കഴിഞ്ഞുകൂടാൻ മാത്രം സൌകര്യമുള്ള ഒരു കൊച്ചുവീടാണവരുടേതു്. എന്നിട്ടും അതിൻെറ സജ്ജീകരണം എത്ര എളിയമട്ടിൽ എത്ര ഭംഗിയാംവണ്ണം അവറം സാധിച്ചിരിക്കുന്നു! ഒരു ചെറിയ വട്ടമേശ, രണ്ടിരുപ്പുകസേരകറം, ഒരു ചാരുകസേര, ഒരു സെററി ഇത്രയുമാണ് പൂമുഖത്തുള്ള സാമഗ്രികറം പക്ഷേ, അവ എപ്പോഴും വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്നതിൽ അവറം അതീവതല്പരയായിക്കണ്ടു. അല്പവും അഴുക്ക് പുരളാത്തതും ഏററവും അഴകുററവയുമായ ആ കുഷ്യനുകളും, മേശവിരിയും, കട്ടനുകളുമെല്ലാം അവളുടെ തുന്നൽപ്പാടവത്തിൻേറയും കലാചാതുരിയുടേയും ദൃഷ്ടാന്തങ്ങളാണ്. അവളുടെ സൌന്ദര്യബോധത്തിൻെറ പ്രതീകമെന്നോണം, ആ മേശപ്പുറത്തുള്ള ഫ്ലവർവാസിലെ പൂക്കറം എപ്പോഴും വാടാതെ പുതുമയാന്നിരിക്കുന്നതായിക്കാണാം മഹാത്മജിയുടെ ഒരു ഛായാപടവും ക്രൂശിതനായ ക്രിസ്തുവിൻെറ ഒരു മനോഹര പ്രതിമയും, ഇന്ത്യൻ റിപ്പബ്ലിക്കിൻേറതായ ഒരു ഭൂപടവും, ഒരു മാതൃഭൂമി കലണ്ടറും ആ ചുവരുകളെ അലങ്കരിക്കുന്നു.

അകത്തോട്ടു കടന്നാൽ ഒരു കൊച്ചുതളവും, അതിൻെറ ഇരുവശത്തുമായി ഓരോ മുറികളുമുണ്ടു്. ഈ തളം അവരുടെ സ്വീകരണമുറിയാണ്. തളത്തിൻെറ ഇരുകോണുകളിലുമായി ഓരോ ചെറിയ ചില്ലലമാരികളും, അവയിൽ ഒന്നിനോടുതൊട്ടു് ഒരു ടീപ്പോയും കുഞ്ഞിക്കസേരയും, മറേറതിനോടുതൊട്ടു് ഒരു തൊട്ടിലും കിടപ്പുണ്ടു്. ആദ്യം പറഞ്ഞ സെററ് സ്കൂളിൽപ്പോകുന്ന അവളുടെ അഞ്ചുവയസ്സുള്ള കൊച്ചുമകൻേറതാണ്. അലമാരിൽ അവൻെറ ഭംഗിയുള്ള കൊച്ചുടുപ്പുകളും കളിക്കോപ്പുകളും.

ചിത്രങ്ങളും പുസ്തകവും സ്ലേയിററുമെല്ലാം ഒരു കാഴ്ച്ചവസ്തുവെന്നോണം മനോഹരമാംവണ്ണം ഒതുക്കിവെച്ചിരിക്കുന്നു. ഇവയെ

ല്ലാം ആവശ്യമുള്ളപ്പോഴം ഇഷ്ടംപോലെ എടുത്തുപയോഗിക്കുവാനുള്ള സ്വാതന്ത്ര്യം അവനുണ്ടു്. അതുകൊണ്ടവൻ ഒരിക്കലും വാശിപിടിക്കുകയോ, അമ്മയെ അലട്ടുകയോ ചെയ്യാറില്ല. തന്റെ സാധനങ്ങഠം വൃത്തിയായും ഭംഗിയായും, കേടുവരാതേയും സൂക്ഷിക്കാൻ അവനറിയാംതാനും. രണ്ടാമത്തേതു് ഒന്നരവയസ്സ് പ്രായമുള്ള, അവളുടെ കൊച്ചുമകളുടെ സാമഗ്രികഠം സൂക്ഷിക്കുന്നിടമാണു്. ആ കൊച്ചലമാരയിൽ അവളുടെ കുഞ്ഞുടുപ്പുകളും കളിക്കോപ്പുകളും, ഭക്ഷണസാമഗ്രികളും സൂക്ഷിച്ചുവെച്ചിരിക്കുന്നു. ഇനി, തളത്തിന്റെ മദ്ധ്യത്തിലായി ഒരു വട്ടമേശയും രണ്ടോ മൂന്നോ കസേരകളും ഒരു സെററിയും കിടപ്പുണ്ടു്. മേശപ്പുറത്തു് ഒന്നുരണ്ടു് ദിനപത്രങ്ങളും ചില മാസികകളും ഭംഗിയിൽ ഒതുക്കിവെച്ചിരിക്കുന്നു. പ്രവേശനദ്വാരത്തിന്റെ വലത്തുവശത്തായി അവളുടെ തുന്നൽമിഷ്യനും മററു സാമഗ്രികളുമാണു്. ഇടതുവശത്തു് ഒരു ഷെൽഫിൽ പ്രസിദ്ധിപെട്ട മലയാളപുസ്തകങ്ങളടക്കം ചില വിശേഷാത്തരഗ്രന്ഥങ്ങഠം ഭംഗിയായും ക്രമീകൃതമായും ഒതുക്കിവെച്ചിട്ടുണ്ടു്. ഇവയെല്ലാം അവളുടെ വിശ്രമവേളയിലെ ചങ്ങാതിമാരാണു്. ഇരുവശത്തുമുള്ള ചുമരുകളിൽ നേരിനോട്ടത്തു് ഒരു കട്ടിലും, മററതിനോടണച്ചു് ഒരു കട്ടിലും കിടപ്പുണ്ടു്. അങ്ങിനെ, ആരെങ്കിലും അതിഥികളായുള്ളപ്പോഴം രാത്രിസമയങ്ങളിൽ അവരുടെ കിടപ്പുമുറിയായിക്കൂടി ഉപയോഗിക്കാൻ പാകത്തിലാണു് ഇതിന്റെ സജ്ജീകരണം. അവരുടെ ചെറുകുടുംബത്തിനുമാത്രം കഷ്ടിച്ചു പെരുമാറാവുന്ന ആ കൊച്ചുഭവനത്തെ ഇത്രയും വിദഗ്ദ്ധമായി പാകപ്പെടുത്തിയ ആ ബുദ്ധികൌശലത്തെ അഭിനന്ദിക്കാതിരിക്കാൻ വയ്യ.

തളത്തിന്റെ ഇരുവശത്തുമായിക്കാണുന്ന മുറികളിൽ ഒന്നു് അവരുടെ കിടപ്പുമുറിയും മററതു് ഓഫീസ്റൂമുമാണു് ഓഫീസ് മുറിയുടെതന്നെ ഒരററം കട്ടനിട്ടു് മറിച്ചു് അവഠം സ്വന്തം പൂജാമുറിയായുപയോഗിക്കുന്നു.

ഒരു സ്റ്റോർ റൂം, ഊൺതളം, അടുക്കള, ഇത്രയുമാണു് ഇനിയും ആ വീട്ടിലുള്ള സ്ഥലങ്ങൾ. പണ്ടത്തെപ്പോലെത്തന്നെ പുത്തൻപരിഷ്ക്കാരങ്ങളിൽ വലിയ ഭ്രമമൊന്നുമുള്ളവളല്ല അവളിന്നും. പക്ഷേ, തനിക്കു നല്ലതല്ലെന്നു തോന്നിയതെന്തും ആരുടെ കൈയിൽനിന്നും സ്വീകരിക്കാൻ അവൾ സദാ സന്നദ്ധയാണു്. തികച്ചും പരിഷ്കൃതമട്ടിലും, എന്നാലെളിയ തോതിലും സജ്ജീകരിക്കപ്പെട്ടവയാണു് അവളുടെ ഊൺതളവും അടുക്കളയും. നിലത്തു് സ്ഥലം ഒതുങ്ങിക്കിട്ടുവാനും, സൗകര്യംപോലെ നിന്നോ ഇരുന്നോ വേലയെടുക്കുവാനും ഊൺമേശയും അടുക്കളമേശയും കുടുംബിനികളെ അത്യന്തം സഹായിക്കുമെന്നു് അവൾ മനസ്സിലാക്കിയിട്ടുണ്ടു്. ഞാനോർക്കുകയാണു്, അവളുടെ ആ വെടിപ്പും ചിട്ടയും നിന്നെപ്പോലുള്ള പരിഷ്കൃതകളായ കുടുംബിനികൾ മാതൃകയാക്കിയെങ്കിൽ!

ഒരു കാര്യംകൂടി ഗൃഹസജ്ജീകരണം വൃത്തിയിലും ചിട്ടയിലും സാധിക്കാൻ ഗൃഹനായിക മാത്രം ശ്രദ്ധിച്ചതുകൊണ്ടായില്ല. കുടുംബാംഗങ്ങളുടെ സഹായസഹകരണങ്ങളും അനുസരണബുദ്ധിയും ഈ വിഷയത്തിൽ വീട്ടമ്മക്കത്യാവശ്യമാണു്. വീട്ടിലെ ഓരോ സാമഗ്രികളും വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്ന കാര്യത്തിൽ എല്ലാ കുടുംബാംഗങ്ങളും സദാ തല്പരരായിരിക്കണം. തങ്ങളുടെ ഉപയോഗത്തിനെടുത്ത സാമഗ്രികൾ ആവശ്യം കഴിഞ്ഞാൽ, അതാതിടത്തുതന്നെ വെക്കുവാനും വീട്ടുസാമഗ്രികൾ അഴുക്കു് പുരളാതേയും, അങ്ങിങ്ങു വലിച്ചിടാതേയും സൂക്ഷിക്കുവാനും അവർ സദാ ശ്രദ്ധിച്ചേ മതിയാവൂ!

# 10
# സാരി

## ലോകത്തിൽവെച്ചു് ഏററവും കലാത്മകമായ വസ്ത്രധാരണരീതി.

പ്രിയപ്പെട്ട രമേ,

നിന്റെ ത്തിൽ അപ്രാസംഗികമായിത്തന്നെ കേരളസ്ത്രീകളുടെ വെള്ളയുടുപ്പിനെപ്പററി പ്രസ്താവിച്ചുകണ്ടു. കോളേജ്‌വിദ്യാർത്ഥിനികൾക്കുപോലും സാരിയിലുള്ള കമ്പം കുറഞ്ഞുവരികയാണിന്നു്. കേരളീയമട്ടിൽ മുണ്ടും മേൽമുണ്ടും ധരിക്കുന്നതു് അവർ ഒരു ഫാഷനാക്കിയിരിക്കുന്നു.

എന്റെ ഹിതമാണു് നിനക്കറിയേണ്ടതെങ്കിൽ, മലയാളമട്ടിലുള്ള അനാഡംബരമായ വസ്ത്രധാരണരീതി ഞാനേററവുമധികം ഇഷ്ടപ്പെടുന്നു. പരിപാവനതത്വത്തിന്റേതായ ഒരസാധാരണ മനോഹാരിതയുണ്ടതിനു്. പക്ഷേ, അതു് കരുതി ആ രീതിതന്നെ സാർവ്വത്രികമാക്കുകയാണു് നാമെങ്കിൽ, സാരി കേരളക്കരയിൽനിന്നും തീരെ കരകടന്നേക്കില്ലേ? അതനുവദനീയമല്ലെന്നു് എനിക്കഭിപ്രായമുണ്ടു്.

എന്താണെന്നല്ലേ? ഈ പ്രാദേശികതയുണ്ടല്ലോ! അതു് നല്ലതാണു് — ഒരതിരുവരെമാത്രം. ഇന്ത്യൻ വനിതകളുടെ സാർവ്വത്രികമായൊരു വസ്ത്രധാരണരീതിയാണു് സാരിയുടുപ്പു്. അവരുടെ കലാവാസനയുടേയും, ലാളിത്യത്തിന്റേയും, നാഗരികതയുടേയും കലാബോധത്തിന്റേയും എല്ലാമെല്ലാം പ്രതീകമാണതു്.

ഏതു കാലംമുതല്ക്കാണു് ഭാരതസ്ത്രീകൾ സാരിയുടുത്തു് തുടങ്ങിയതെന്നു നിർണ്ണയിക്കുകവയ്യ. നമ്മുടെ ഏററവും പുരാതനമായ കലാമാതൃകകളിൽ; അജന്തയിലേയും മററും ഭിത്തിചിത്രങ്ങളിൽപോലും സ്ത്രീകളുടെ വസ്ത്രധാരണരീതിയിൽ സാരിയുടെ മാതൃക അനുവത്തിച്ചിട്ടുണ്ടു്. ചുരുക്കത്തിൽ, പരുത്തിവസ്ത്രങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയ അന്നുമുതല്ക്കുതന്നെ സാരിയും നടപ്പിലായിട്ടുണ്ടെന്നു തോന്നുന്നു.

ഇന്ത്യൻ സ്ത്രീകളുടെ തികഞ്ഞ കലാമർമ്മജ്ഞതയും കവിഞ്ഞ സൌന്ദര്യബോധവുമായിരിക്കണം സാരിനിർമ്മാണത്തിന്നും സാരിയുടുപ്പുമാതൃകകൾക്കും ജന്മംകൊടുത്തതു്. ഭാരതസ്ത്രീകളുടെ കലാവിരുതാർന്ന കരാംഗുലികളാൽ നെയ്തുണ്ടാക്കപ്പെട്ട നേർമ്മയാർന്ന പട്ടുചേലകളും അവയിലെ ചിത്രപ്പണികളും പണ്ടുകാലത്തു് വിദേശിയരുടെപ്പോലും പ്രശംസക്കു പാത്രീഭവിച്ചിട്ടുള്ളവയാണു്. പിന്നീടു്, വ്യവസായശാലകളുടേയും മില്ലുകളുടേയും മററും വേലിയേററമായി. ജീവിതം കൂടുതൽകൂടുതൽ ചൂടുള്ളതും തിരക്കുപിടിച്ചതുമായിത്തുടങ്ങി. ജീവിക്കാനുള്ള ആ വെമ്പലിന്റെ ചൂടിൽ സ്ത്രീകളുടെ കലാവാസനകൾ അല്പാല്പം വാട്ടം തട്ടിത്തുടങ്ങി. പക്ഷേ, അപൂർവ്വമായെങ്കിലും ഇന്നും കാശ്മീരിപെണ്ണുങ്ങളുടേയും മററും കരവിരുതിലൂടെ കലാഭംഗിയാർന്ന വസ്ത്രങ്ങൾ നെയ്തിറങ്ങുന്നുണ്ടു്. മില്ലുകളുടേയും വ്യവസായശാലകളുടേയും വർദ്ധനവിനോടൊപ്പം സാരിനിർമ്മാണത്തിലും നിത്യനൂതനങ്ങളായ മാതൃകകൾ ഏറിയേറിവരികയാണു്.

സാരി ഭാരതസ്ത്രീകളുടെ സാർവ്വത്രികമായ വസ്ത്രധാരണരീതിയാണെന്നു പറഞ്ഞല്ലോ! പക്ഷേ, അതിൽതന്നെ വിവിധരീതികളും അനുവത്തിച്ചുപോരുന്നതായിക്കാണാം. ബംഗാളി സ്ത്രീകളുടെ സാരിയുടുപ്പു്, ഗുജറാത്തിപ്പെണ്ണുങ്ങളുടെ പാർസിയുടുപ്പു്, മദ്രാസികളുടെ ചേലയുടുപ്പു് അങ്ങിനെ പലതും പാശ്ചാത്യവിദ്യാഭ്യാസവും, ഗതാഗതസൌകര്യങ്ങളും. വിവിധ ദേശങ്ങളുമായുള്ള

ബന്ധത്തിന്നു മുറക്കംകൂട്ടിയതോടുകൂടി വസ്ത്രധാരണരീതിയിലും പൊതുവായൊരു മാതൃക അംഗീകരിക്കപ്പെട്ടു. അഭ്യസ്തവിദ്യകളായ എല്ലാ പരിഷ്കൃതവനിതകളും സാരിയുടുപ്പു് സാർവ്വത്രികമാക്കി.

ഇന്നു്, ലോകത്തിലെ ഏററവും കലാത്മകമായ വസ്ത്രധാരണരീതി എന്ന പ്രശംസക്കു സാരി പാത്രീഭവിച്ചു കഴിഞ്ഞിട്ടുണ്ടു്. യൂറോപ്യൻവനിതകൾപോലും അതിൻെറ കുലീനതയേയും കലാത്മകതയേയും തലകുലുക്കി സമ്മതിച്ചിട്ടുള്ളതാണല്ലോ!

സാരികൾ വിവിധ നിറത്തിലും വിവിധ മാതൃകയിലും നിർമ്മിക്കപ്പെടുന്ന പതിവു് പണ്ടുകാലംമുതല്ക്കേയുണ്ടു്. പക്ഷേ, ചില നിറങ്ങളെ ചില പ്രത്യേക ഗുണങ്ങളുടെ പ്രതീകമായി സങ്കല്പിക്കുകമൂലം; ഇന്നയിന്ന സന്ദർഭങ്ങളിൽ ഇന്നയിന്ന നിറത്തിലുള്ള ചേലകൾ ഉടുക്കണമെന്നു് അവർ ഒരു നിർബ്ബന്ധമായംഗീകരിച്ചുപോന്നിരുന്നു. വെള്ള, ഭക്തിയുടേയും സാത്വികതയുടേയും പ്രതീകമാണു്. തന്മൂലം വിധവകൾക്കും, ചില പ്രത്യേക കർമ്മാനുഷ്ഠാനങ്ങൾക്കും വെള്ളവസ്ത്രമാണു് വിധിച്ചിട്ടുള്ളതു്. ഇളംചുവപ്പു് രാഗാർദ്രതയേയും കാമുകത്വത്തേയും സൂചിപ്പിക്കുന്നു. നീല നിരാശയുടേയും നൈഷ്ഫല്യത്തിൻേറയും ലക്ഷണമാണു്. പച്ച സമൃദ്ധിയേയും സന്തോഷത്തേയും ദ്യോതിപ്പിക്കുന്നു. മഞ്ഞ മംഗളകാരിതയുടേയും സാത്വികതയുടേയും വാഗ്ദാനമാണു്. കറുപ്പു് ദുഃഖസൂചകമായി കണക്കാക്കുന്ന പതിവു് നാം വിദേശീയരിൽനിന്നു സ്വീകരിച്ചതാണെന്നു തോന്നുന്നു. ഭാരതീയർ കറുപ്പിനെ ക്രൂരതയുടേയും അജ്ഞാനത്തിൻേറയും ചിഹ്നമായാണു് കണക്കാക്കിവന്നതു്. അവർ വിദേശീയരോളംതന്നെ കറുപ്പിനെ വെറുത്തില്ല. ശക്തിയും ധൈര്യവും വർദ്ധിപ്പിക്കുവാനുള്ള ഒരു പ്രത്യേകഗുണം കറുപ്പിന്നുണ്ടത്രെ.

സാരിയുടെ നിറം ഇന്നതിനേക്കാൾ ഇന്നതു് മെച്ചപ്പെട്ടതെന്നോ, ഇന്ന ഡിസൈനിനേക്കാൾ ഇന്ന ഡിസൈനാണു് നല്ല

തെന്നോ നിർണ്ണയിക്കുകവയ്യ. ശരീരത്തിൻെറ നിറം, പ്രകൃതി, സമയകാലങ്ങൾ എന്നിവ നോക്കി തങ്ങൾക്കനുരൂപമായ വസ്ത്രങ്ങൾ തിരഞ്ഞെടുക്കുന്നതിലാണ് അതിൻെറ സൌന്ദര്യം മുഴുവൻ കുടികൊള്ളുന്നതു്. കറുത്ത നിറമുള്ളൊരു സ്ത്രീക്ക് കട്ടംകളറിലുള്ള സാരികൾ ഒരിക്കലും ഭംഗിയുണ്ടാക്കില്ല. നല്ല വെള്ളനിറം അവൾക്കേററവും സൌന്ദര്യവർദ്ധകമായിരിക്കും ഇളംകളറിലുള്ളവയും കൊള്ളാം. വെളുത്തനിറത്തിലുള്ളവൾക്ക് മിക്കവാറും എല്ലാ നിറങ്ങളും യോജിപ്പുള്ളവയായിരിക്കും. ഇരുനിറമുള്ളവൾക്ക് മഞ്ഞയും ഓറഞ്ചുകളറും ഏററവും ഭംഗിയുണ്ടാക്കും. സ്വർണ്ണവർണ്ണമുള്ളൊരു സ്ത്രീയുടെ മെയ്യിനു് നല്ല ഇട്ടപ്പുറവർണ്ണം പ്രത്യേക ചന്തമുണ്ടാക്കുന്നതാണു്. പനിനീർപ്പൂവിൻെറ നിറമുള്ള ശരീരത്തിനു കട്ടംപച്ചയും ഊതവർണ്ണവും കൂടുതൽ യോജിപ്പുള്ളതായിത്തോന്നാം. തടിച്ച ശരീരപ്രകൃതിയുള്ളവൾക്കു വലിയ വലിയ പുള്ളികളും ഡിസൈനുകളും ഉള്ള സാരികൾ നന്നായിരിക്കയില്ല. അതുപോലെതന്നെ നീളം കൂടിയ സ്ത്രീക്ക് വീതികൂടിയ ബോഡർ നന്നായിരിക്കും കുറിയവൾക്ക് വക്കത്തു വീതികുറഞ്ഞ ബോഡറും ധാരാളം മുന്താണിയുമുള്ളതായിരിക്കും യോജിക്കുക.

സമയകാലങ്ങൾകൂടി നോക്കിവേണം സാരിയുടെ നിറം നിർണ്ണയിക്കുവാൻ. പകൽ ഏററവും ചന്തമുള്ളതായിത്തോന്നിയ അതേ സാരിതന്നെ രാത്രി ഉടുത്തുകാണുമ്പോൾ ഏററവും ആഭാസകരമായിത്തോന്നാം. പകൽ പ്രകാശമുള്ളതായിത്തോന്നുന്ന പല നിറങ്ങളും രാത്രിയിൽ ഭംഗിയുണ്ടാക്കില്ല. കട്ടംകളറിലുള്ള സാരികൾ കഴിയുന്നതും രാത്രികാലങ്ങളിൽ വർജ്ജിക്കേണ്ടതാണു്. നീല, വൈലററു്, കാപ്പ്, എന്നീ ഇരുണ്ട നിറങ്ങൾ പ്രത്യേകിച്ചും, പച്ച, മഞ്ഞ, ഓറഞ്ചു്, ഗോൾഡൻകളർ എന്നിവക്കാണു് രാത്രിയിൽ മോടികൂടുക. കൂടാതെ, വെള്ളയും മററിളംകളറുകളും കൊള്ളാം.

സാരിയുടെ കളർ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട മ റെറാരത്യാവശ്യസംഗതിയാണ്, ജാക്കററിൻേറയും സാരിയുടേയും കളറുകൾ തമ്മിൽ യോജിക്കുന്നില്ലേയെന്നതു്. അതില്ലാത്ത പക്ഷം, എത്രതന്നെ ഭംഗിയുള്ള നിറമായാൽക്കൂടി, രണ്ടിൻേറയും ചന്തം തീരെ പൊയ്പ്പോകും. വെള്ളസാരിക്കു മിക്കവാറും ഏതു കളറിലുള്ള ജാക്കററും യോജിക്കും. പക്ഷേ, കറുപ്പോ മറേറതെങ്കിലും കടുംനിറമോ കൂടുതൽ ഭംഗിയുണ്ടാക്കുന്നതാണ്. ഒരിളംനീലക്കളറിലുള്ള സാരിയും ഇളംതുടുപ്പുനിറത്തിലുള്ള ഒരു ജാക്കററും ധരിച്ചുനോക്കൂ. ഒരു തെളിഞ്ഞ സന്ധ്യാപ്രകാശംപോലെ മധുരദർശനമായിരിക്കും നീ ആ വേഷത്തിൽ. ഗോൾഡൻകളറിലുള്ളൊരു സാരിക്കു കടുംഓറഞ്ചുനിറത്തിലുള്ളൊരു ജാക്കററും, അതുപോലെ തന്നെ സാരി ഓറഞ്ചുനിറമാണെങ്കിൽ ജാക്കററിന്നു നല്ല കുങ്കുമക്കളറും ചന്തം കൂട്ടുന്നവയാണ്. കടുംപച്ചക്കളറിലുള്ളൊരു സാരിയും വാടാമല്ലിക്കളറിലുള്ളൊരു ജാക്കററും അത്യധികം യോജിപ്പുണ്ടാക്കും സാരിയുടെ മുന്താണിയുടേയും, ബോഡറിൻേറയും കളറും നോക്കീ ജാക്കററിൻെറ കളർ നിർണ്ണയിക്കുന്നതാണ് ഇന്നത്തെ ഫാഷൻ. അതു കാഴ്ചക്കു ചന്തമുണ്ടാക്കുന്നതാണെതാനും. പക്ഷേ, സാരിയുടെ കളറിനോട് യോജിക്കുന്നതല്ല ബോഡ്റിൻെറ കളറെങ്കിൽ അതാഭാസമാവാനും ഇടയുണ്ടു്. അപ്പോൾ സാരി തിരഞ്ഞെടുക്കുമ്പോൾ ബോഡറിൻെറ കളർ അതിന്നനുസരിച്ചതന്നേയോ എന്നു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഏതായാലും വസ്ത്രധാരണവിഷയത്തിൽ സ്ത്രീകൾ കുറെയെ...ം കലാത്മകതയും സൌന്ദര്യബോധവും ദീക്ഷിക്കുന്നതു നല്ല...ന്നു, പക്ഷേ, അതിന്നായിത്തന്നെ പണം ചെലവഴിക്കുക ആ...ബരഭ്രമംതന്നെ ജന്മാവകാശമായി സൂക്ഷിക്കുക—അതൊരിക്ക...ക്ഷന്തവ്യമല്ലതന്നെ! ചുരുങ്ങിയ തുക ചിലവഴിച്ചു് വേഷം ഭം...യാക്കുവാനുള്ള കൌശലവും കലാബോധവുമാണ് ഉണ്ടായിരി

ക്കേണ്ടതു്. അല്ലെങ്കിൽ, വിലപ്പിടിച്ച സാരിയും ജാക്ക
വേഷത്തിനു ഭംഗി കൂട്ടും എന്ന ധാരണതന്നെ തെററല്ലേ?

അപ്പോാം സാരിയെ പിൻതള്ളുകയല്ല, പ്രത്യുത
ത്തിൽവെച്ചു് ഏററവും കലാത്മകമായ വസ്ത്രധാരണരീതി
നിലയിൽ അതിനെ അംഗീകരിക്കുകയും കൂടുതൽ ആദരിക്ക
മാണു് നാം വേണ്ടതു്.

ISLAM HIGH SC
Date........